## അല്ലാഹുവിന്റെ വചനം

وَمَنۡ یُّطِعِ اللّٰہَ وَرَسُوۡلَہٗ یُدۡخِلۡہُ
جَنّٰتٍ تَجۡرِیۡ مِنۡ تَحۡتِہَا الۡاَنۡہٰرُ
خٰلِدِیۡنَ فِیۡہَا ؕ وَذٰلِکَ الۡفَوۡزُ
الۡعَظِیۡمُ ○ (النساء:14)

'ഇനി ആര് അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിക്കുകയും അവന്റെ നിയമപരിധികളെ അതിലംഘിക്കുകയോ ചെയ്യുന്നുവോ അയാളെ അവൻ നരകത്തിൽ പ്രവേശിപ്പിക്കും; അയാൾ അതിൽ ചിരകാലം വസിക്കുന്ന നിലയിൽ'(4:15)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 27

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജൂലായ് 02/ഹി.ശം. 1399 വഫാ 02/1441 ദുൽഖഅദ് 10


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഇസ്തിഖാമത്ത് വലിയ കാര്യമാണ്, എല്ലാ ഓരോ കാര്യവും അതിന്റെ കൃത്യമായ അവസരത്തിലും സ്ഥാനത്തുമുണ്ടാകുമ്പോൾ അത് ഹിക്മത്ത് എന്നും ഇസ്തിഖാമത്തെന്നുമുള്ള വ്യാഖ്യാനം പ്രാപിക്കുന്നു. ഇസ്തിഖാമത്ത് കരസ്ഥമാക്കാൻ നിങ്ങൾ മുജാഹദ ചെയ്യണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. രിയാളിലൂടെ അത് പ്രാപിക്കുക. കാരണം അത് മനുഷ്യനെ എങ്ങനെയുള്ള അവസ്ഥയിലെത്തിക്കുന്നുവെന്നാൽ, അവിടെ അവന് സ്വീകാര്യതയുടെ മഹത്ത്വം കരസ്ഥമാകുന്നു.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## ഇസ്തിഖാമത്ത് തന്നെയാണ് മനുഷ്യന്റെ ഇസ്മെ അഅ്ളം

ഞാൻ ഇതും പറഞ്ഞുതരാനാഗ്രഹിക്കുകയാണ്. ഇസ്തിഖാമത്ത് അഥവാ സ്ഥിരചിത്തത അതിനെ കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. അതിനെ സ്വൂഫീ വര്യന്മാർ തങ്ങളുടെ സാങ്കേതികാർഥത്തിൽ 'ഫനാ' എന്നാണ് പറയുന്നത്. ഇഹ്ദിനസ്സ്വിറത്തൽ മുസ്തഖീം എന്നതിന്റെ അർഥവും 'ഫനാ' എന്നുതന്നെയാണ് അവർ കൊടുക്കുന്നത്. അതായത് ആത്മാവും ആവേശവും തീരുമാനങ്ങളുമെല്ലാം അല്ലാഹുവിനു വേണ്ടിയായിത്തീരുക. സ്വന്തം വികാരങ്ങളും ശാരീരികാഗ്രഹങ്ങളും തികച്ചും മരിച്ചുപോകുക. ചിലയാളുകൾ തങ്ങളുടെ തീരുമാനങ്ങളുടേയും അഭിനിവേശങ്ങളുടേയുംമേൽ അല്ലാഹുവിന്റെ ആഗ്രഹങ്ങളേയും തീരുമാനങ്ങളേയും മുന്തിക്കുന്നില്ല. അവർ അധികവും ഭൗതികമായ അഭിനിവേശങ്ങളിലും തീരുമാനങ്ങളിലും പരാജയപ്പെട്ട് ഈ ലേകത്തുനിന്ന് വിടപറഞ്ഞുപോകുന്നു.

കേസു സംബന്ധമായ കാര്യങ്ങളിൽ ഞങ്ങളുടെ സഹോദരൻ മർഹൂം മിർസാ ഗുലാം ഖാദിർ എപ്പോഴും വലിയ തിരക്കിലായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹം എത്രത്തോളം അതിൽ മുഴുകിയും ലയിച്ചും ഇരുന്നുവെന്നാൽ അവസാനം പരാജയങ്ങൾ അദ്ദേഹത്തിന്റെ ആരോഗ്യത്തെ ബാധിച്ചു. അദ്ദേഹം മരിച്ചുപോയി. തങ്ങളുടെ തീരുമാനങ്ങളെ അല്ലാഹുവിനുമേൽ മുന്തിക്കുന്ന വേറേയും ഒരുപാടാളുകളെ കണ്ടിട്ടുണ്ട്. അവസാനം ആ മുൻഗണന ശരീരേച്ഛകളിലും വിജയിക്കുന്നില്ല. ലാഭത്തിനു പകരം നഷ്ടം പേറേണ്ടിവരുന്നു. ഇസ്‌ലാമിനെ കുറിച്ച് ചിന്തിക്കുകയാണെങ്കിൽ പരാജയം കേവലം വ്യാജമായ കാരണത്താലാണ് ഉണ്ടാകുന്നതെന്ന് അറിയാൻ കഴിയും. അല്ലാഹുവുമായിട്ടുള്ള ഇണക്കം കുറയുമ്പോൾ അല്ലാഹു ആപത്ത് ഇറക്കുന്നു; അത് അവനെ പരാജിതനും ലക്ഷ്യം നേടാത്തവനുമാക്കിത്തീർക്കുന്നു. പ്രത്യേകിച്ചും ഉൾക്കാഴ്ചയുള്ളവർ ദുൻയാവിലെ ഉദ്ദേശ്യങ്ങളിലേക്ക് തങ്ങളുടെ എല്ലാ ആവേശത്തോടും തീരുമാനത്തോടുംകൂടി കുനിയുമ്പോൾ അല്ലാഹു അവരെ പരാജയപ്പെടുത്തുന്നു. പക്ഷേ, ആ പരിശുദ്ധ തത്ത്വം ഭാഗ്യവാന്മാരുടെ മുന്നിലിരിക്കുന്നു; അത് മരണബോധത്തിന്റെ അടിസ്ഥാനപരമായ തത്ത്വമാണ്. മാതാപിതാക്കൾ മരിച്ചതുപോലെ, കുടുംബത്തിലെ വാർധക്യം പ്രാപിച്ചവർ മരിച്ചു പോയതുപോലെ തനിക്കും ഒരുനാൾ മരിക്കേണ്ടിവരുമെന്ന് അവൻ വിചാരിക്കുന്നു. ചില നേരങ്ങളിൽ വാർധക്യം വന്നിരിക്കുന്നു, മരണദിവസം അടുത്തെത്തിയിരിക്കുന്നുവെന്ന് ചിന്തിച്ച് അല്ലാഹുവിലേക്ക് മടങ്ങുന്നു....... അതിനാൽ അവസാനം ഒരു ദിവസം എന്തായാലും ലോകവും അതിലെ ആസ്വാദ്യകരമായ വസ്തുക്കളും ഉപേക്ഷിക്കേണ്ടിവരുമെന്ന് നല്ലവണ്ണം ഓർമവെക്കേണ്ടതാണ്. അപ്പോൾപ്പിന്നെ എന്തുകൊണ്ട് മനുഷ്യൻ ആ നേരത്തിനുമുമ്പേതന്നെ ആ ആസ്വാദനങ്ങളുടെ അനുവദനീയമല്ലാത്ത മാർഗം കരസ്ഥമാക്കുന്നത് ഉപേക്ഷിക്കുന്നില്ല. മരണം വലിയ വലിയ സന്മാർഗികളേയും സ്വീകരിക്കപ്പെട്ടവരേയും വിട്ടിട്ടില്ല. അത് ചെറുപ്പക്കാരേയും അല്ലെങ്കിൽ വൻസമ്പന്നന്മാരേയും മഹാത്മാക്കളേയും വകവെച്ചിട്ടില്ല. പിന്നെങ്ങനെയാണ് നിങ്ങളെ വിട്ടുകളയുക........താൽക്കാലികവും ഭാവനാപരവുമായ സന്തോഷങ്ങളുടേയും സൗഖ്യങ്ങളുടേയും അന്വേഷണത്തിൽ എത്രമാത്രം ബുദ്ധിമുട്ടുകളാണ് അശ്രദ്ധനായ മനുഷ്യൻ വഹിക്കുന്നത്;

കഠിനമായ പ്രയാസങ്ങൾ സഹിക്കുന്നത്. എന്നാൽ, അല്ലാഹുവിന്റെ വഴിയിൽ അല്പമാത്ര ബുദ്ധിമുട്ടു കണ്ടുപോലും പരിഭ്രമിക്കുകയും തെറ്റുധരിക്കുകയും ചെയ്യുന്നു. അഹോകഷ്ടം! ഈ നശ്വരമായ ആസ്വാദനങ്ങൾക്കെതിരിൽ, ആ അനശ്വരവും സുസ്ഥിരവുമായ സന്തോഷങ്ങളെ അവന് അനുമാനിക്കാൻ കഴിയുമോ. ഈ പ്രയാസങ്ങളേയും ബുദ്ധിമുട്ടുകളേയും അതിജയിക്കുന്നതിന് ഒരു സമ്പൂർണവും തെറ്റിലാക്കാത്തതുമായ കുറിപ്പടി നിലവിലുണ്ട്. അത് കോടിക്കണക്കിന് സന്മാർഗികൾ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. അതെന്താണ്? ആ കുറിപ്പടിക്കാണ് നമസ്കാരം എന്നു പറയുന്നത്.

നമസ്കാരമെന്താണ്? ഒരു തരത്തിലുള്ള ദുആയാണത്. അതു മനുഷ്യനെ എല്ലാ തിന്മകളിൽനിന്നും അസാന്മാർഗിക പ്രവൃത്തികളിൽനിന്നും സുരക്ഷിതനാക്കി നന്മകൾക്കർഹനും ദൈവിക സമ്മാനങ്ങൾക്ക് പാത്രവുമാക്കിത്തീർക്കുന്നു. അല്ലാഹു ഇസ്മെ അഅ്ളം ആണെന്നാണ് പറഞ്ഞുവന്നത്. അല്ലാഹു എല്ലാ സ്വിഫത്തുകളേയും അവനു വിധേയമാക്കി വെച്ചു. ഇനി അല്പം ചിന്തിക്കുക. നമസ്കാരം ആരംഭിക്കുന്നത് ബാങ്കുവിളിയോടെയാണ്. ബാങ്കുവിളി അല്ലാഹു അക്ബർ എന്നു പറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നത്. അതായത് അല്ലാഹുവിന്റെ നാമം കൊണ്ട് തുടങ്ങി 'ലാ ഇലാഹ ഇല്ലല്ലാ'യിൽ അതായത് അല്ലാഹുവിൽത്തന്നെ അവസാനിക്കുന്നു. ഈ അഭിമാനം ഇസ്‌ലാമിക ഇബാദത്തുകൾക്ക് മാത്രമുള്ളതാണ്. അതിൽ ആദ്യത്തിലും അവസാനത്തിലും അല്ലാഹു തന്നെയാണ് ഉദ്ദേശ്യം; മറ്റാരുമല്ല. ഞാൻ വാദത്തോടെ പറയുകയാണ് ഇത്തരത്തിലുള്ള ഇബാദത്ത് ഒരു ജനതയിലും മതത്തിലുമില്ല. അതിനാൽ നമസ്കാരമെന്നതിൽ ഇസ്മെ അഅ്ളമായ അല്ലാഹുവിനെ മുന്തിച്ചിരിക്കുന്നു. അപ്രകാരംതന്നെ മനുഷ്യന്റെ ഇസ്മെ അഅ്ളം ഇസ്തിഖാമത്താണ്. ഏതൊന്നുമുഖേനയാണോ മനുഷ്യത്വത്തിന്റെ ശ്രേഷ്ഠതകൾ കരസ്ഥമാകുന്നത് അതാണ് ഇസ്മെ അഅ്ളംകൊണ്ടു ഉദ്ദേശിക്കുന്നത്. ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീമിൽ അല്ലാഹു സൂചിപ്പിക്കുന്നത് ഇതാണ്. മറ്റൊരിടത്തു പറഞ്ഞു: *അല്ലദീന ഖാലൂ റബ്ബുനല്ലാഹു ഥുമ്മസ്തഖാമൂ തത്തനസ്സലു അലയ്ഹിമുൽ മലാഇക്കത്തു അല്ലാ തഖാഫൂ വലാ തഹ്സനൂ*(ഹാമീം സജ്ദ: 31). അതായത് ആരാണോ അല്ലാഹുവിന്റെ പരിപാലനത്തിന്റെ കീഴിൽവരികയും അവന്റെ ഇസ്മെ അഅ്ളം, മനുഷ്യത്വത്തിന്റെ മുട്ട ഇസ്തിഖാമത്തിന്റെ താഴെ വെക്കപ്പെടുകയും ചെയ്യുമ്പോൾ അതിൽ മലക്കുകളുടെ ഇറക്കം ഉണ്ടാകുന്ന തരത്തിലുള്ള കഴിവുകളുണ്ടാകുന്നു. ഒരു തരത്തിലുള്ള ഭയമോ ദുഃഖമോ അവർക്കുണ്ടാകുകയില്ല. ഇസ്തിഖാമത്ത് വലിയ കാര്യമാണെന്ന് ഞാൻ പറഞ്ഞു. ഇസ്തിഖാമത്ത് കൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? എല്ലാ ഓരോ കാ

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മോക്ഷപ്രാപ്തിക്ക് മുഹമ്മദു നബി(സ)യെ വിശ്വസിക്കണ്ടേ? – 3

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

## (വാഗ്ദത്ത മഹ്ദീ മസീഹ്)

### നബിയെ പിൻപറ്റൽ അനിവാര്യം:

4. **യാ അയ്യുഹല്ലദീന ആമനൂ ആമിനൂ ബി ല്ലാഹി വ റസൂലിഹീ വൽകിതാബില്ലദീ നസ്സല അലാ റസൂലിഹീ വൽകിതാബില്ലദീ അൻസല മിൻ ഖബ്‌ലു വമൻയ്യക്ഫുർ ബില്ലാഹി വ മലാഇക്കത്തിഹീ വ കുതുബിഹീ വ റുസുലിഹീ വൽയൗമിൽ ആഖിരി ഫഖദ് ളല്ല ളലാലൻ ബയീദാ**(4:137)

(തർജമ). *സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. അവന്റെ റസൂലിലും, റസൂലിന് അവൻ ഇറക്കിക്കൊടുത്ത കിത്താബിലും. അതായത് വിശുദ്ധഖുർആനിലും അതിനു മുമ്പേ ഇറക്കിയ കിതാബുകളിലും അതായത് തൗറാത്ത് തുടങ്ങിയവയിലും വിശ്വസിക്കുക. ആരെങ്കിലും അല്ലാഹുവിന്റെ മലക്കുകളിലും ഗ്രന്ഥങ്ങളിലും ദൂതന്മാരിലും അന്ത്യദിനത്തിലും വിശ്വസിക്കാതിരുന്നാൽ തീർച്ചയായും അവൻ സത്യത്തിൽനിന്ന് ബഹുദൂരം പിഴച്ചു പോയിരിക്കുന്നു. അതായത് മോക്ഷപ്രാപ്തിയിൽനിന്ന് പിന്തള്ളപ്പെട്ടു.*(4:137).

5. **വമാ കാന ലിമുഅ്മിനിൻ വ്വലാ മുഅ്മിനത്തിൻ ഇദാ ഖളല്ലാഹു വ റസൂലുഹൂ അംറൻ അൻയ്യകൂന ലഹുമുൽ ഖീറത്തു മിൻ അംരിഹിം വമൻയ്യഅ്സ്വില്ലാഹ വ റസൂലഹൂ ഫഖദ് ളല്ല ളലാലൻ മ്മുബീനാ.** (33:37)

(തർജമ). *അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ സത്യവിശ്വാസിയായ പുരുഷനോ സ്ത്രീയോ തങ്ങളുടെ കാര്യത്തിൽ ഇഷ്ടാനുസരണം പ്രവൃത്തിക്കാൻ പാടുള്ളതല്ല. ആരെങ്കിലും അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിക്കുകയാണെങ്കിൽ അവൻ വ്യക്തമായ ദുർമാർഗത്തിലകപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതായത് മോക്ഷം സത്യത്തിന്റെ വക്താക്കൾക്കുള്ളതാണ്.*

6. **വമൻ യ്യഅ്സ്വില്ലാഹ വ റസൂലഹൂ വ യത്തഅദ്ദ ഹുദൂദഹൂ യുദ്ഖിൽഹു നാറൻ ഖാലിദൻ ഫീഹാ വലഹൂ അദാബുൻമ്മുഹീൻ**(4:15)

*ആരെങ്കിലും അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിക്കുകയാണെങ്കിൽ അല്ലാഹു അവനെ നരകത്തിൽ പ്രവേശിപ്പിക്കും. അവൻ അതിൽ സദാസമയവും വസിക്കും. അവനിൽ നിന്ദ്യമായ ശിക്ഷയിറങ്ങുകയും ചെയ്യും. നോക്കുക, റസൂലുമായി ബന്ധം വിച്ഛേദിക്കുന്നതുകൊണ്ട് ഇതിനെക്കാൾ വലിയ ശിക്ഷ എന്താണ് വേണ്ടത്. പ്രതാപവാനായ അല്ലാഹുവിനെ ധിക്കരിക്കുന്നവന് സദാസമയവുമുള്ള നരകമാണ് വാഗ്ദാനം എന്ന്.*

എന്നാൽ, മിയാൻ അബ്ദുൽ ഹക്കീം ഖാൻ പറയുന്നു. ആരെങ്കിലും ആദരണീയനായ നബി(സ) തിരുമേനിയെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്താലും, തൗഹീദിൽ അടിയുറച്ചു നിന്നാൽ നിസ്സംശയം അയാൾ സ്വർഗത്തിൽ പോകുമെന്ന്! ആദരണീയനായ നബി(സ)തിരുമേനിയെ എതിർക്കുകയും ധിക്കരിക്കുകയും ചെയ്തിട്ട് സ്വർഗം വരെ എത്തിക്കുന്ന എത്തരം തൗഹീദാണ് അദ്ദേഹത്തിന്റെ ഉള്ളിലുള്ളതെന്ന് എനിക്കറിയില്ല. **ലഅ്നത്തുല്ലാഹി അലൽ കാദിബീൻ** കളവു പറയുന്നവരുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ.

7. **വമാ അർസൽനാ മിൻർറസൂലിൻ ഇല്ലാ ലിയുത്വാഅ ബിഇദ്നില്ലാഹി**(4:65).അല്ലാഹുവിന്റെ അനുമതിയോടെ അനുസരിക്കപ്പെടുന്നതിനുവേണ്ടിയാണ് ഓരോ നബിയേയും നാം അയച്ചിട്ടുള്ളത്. നബി വാജിബുൽ ഇതാഅത്താണെന്ന് ഈ ആയത്തിൽനിന്ന് പ്രകടമാണ്. ആരെങ്കിലും നബിയുടെ അനുസരണവൃത്തത്തിൽനിന്ന് പുറത്തുപോയാൽ അവനെങ്ങനെ മോക്ഷം പ്രാപിക്കാൻ കഴിയും?

8. **ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹു വ യഗ്ഫിർലക്കും ദുനൂബക്കും വല്ലാഹു ഗഫൂറുർറഹീം. ഖുൽ അത്വീയുല്ലാഹ വർറസൂല ഫഇൻതവല്ലൗ ഫഇന്നല്ലാഹ ലാ യുഹിബ്ബുൽകാഫിരീൻ**(3:32,33)

*പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ വരിക. എന്നെ പിൻപറ്റുക. എങ്കിൽ നിങ്ങളെ അല്ലാഹു സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും കരുണാമയനുമാണ്. പറയുക, നിങ്ങൾ അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുക. നിങ്ങൾ അനുസരണത്തിൽനിന്ന് മുഖം തിരിയ്ക്കുകയാണെങ്കിൽ അല്ലാഹു ധിക്കാരികളെ ഇഷ്ടപ്പെടുകയില്ല.*

ഈ ആയത്തിൽനിന്ന് വളരെ വ്യക്തമായ നിലയിൽ പാപപ്പൊറുതിയും ദൈവസ്നേഹവും നബി(സ)തിരുമേനിയിൽ വിശ്വസിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പ്രകടമാണ്. വിശ്വസിക്കാത്തവർ നിഷേധികൾ തന്നെയാകുന്നു.

9. **ഇന്നല്ലദീന യക്ഫുറൂന ബില്ലാഹു വ റുസുലിഹീ വ യുരീദൂന അൻയ്യുഫർരിഖൂ ബയ്നല്ലാഹി വ റുസുലിഹീ വ യഖൂലൂന നുഅ്മിനു ബിബഅ്ളിൻ വ്വ നക്ഫുറു ബിബഅ്ള് വ യുരീദൂന അൻയ്യത്തഖിദൂ ബയ്ന ദാലിക്ക സബീലാ. ഉലാഇക്ക ഹുമുൽ കാഫിറൂന ഹഖ്ഖാ വ അഅ്തദനാ ലിൽകാഫിരീന അദാബൻ മ്മുഹീനാ. വല്ലദീന ആമനൂ ബില്ലാഹി വ റുസുലിഹീ വലംയുഫർരിഖൂ ബയ്ന അഹദിൻ മ്മിൻഹും ഉലാഇക്ക സൗഫ യുഅ്ത്തീഹിം ഉജൂറഹും.**(4:151 –153)

(തർജമ). *അല്ലാഹുവിനേയും റസൂലിനേയും നിഷേധിക്കുകയും അല്ലാഹുവിന്റേയും അവന്റെ റസൂൽമാരുടേയുമിടയിൽ വിവേചനമുണ്ടാക്കാൻ ഉദ്ദേശിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കും ചിലരിൽ വിശ്വസിക്കുകയില്ല എന്നു പറയുകയും, അതായത് ദൈവത്തെ മാത്രം വിശ്വസിക്കുക അല്ലെങ്കിൽ ചില റസൂൽമാരിൽ മാത്രം വിശ്വസിക്കുക, അല്ലാതെ അല്ലാഹുവിനോടൊപ്പം റസൂലിനെ വിശ്വസിക്കുകയോ എല്ലാ നബിമാരിലും വിശ്വസിക്കുകയോ ചെയ്യേണ്ട ആവശ്യമില്ലെന്ന് കരുതുകയും അല്ലാഹുവിന്റെ സന്മാർഗത്തെ ഉപേക്ഷിച്ചുകൊണ്ട് അതിന് മധ്യേ മറ്റൊരു മാർഗം സ്വീകരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവരാരോ അവർ തന്നെയാണ് തനിസത്യനിഷേധികൾ. സത്യനിഷേധികൾക്ക് നാം അപമാനകരമായ ശിക്ഷ ഒരുക്കിവച്ചിട്ടുണ്ട്. എന്നാൽ, അല്ലാഹുവിലും അവന്റെ റസൂൽമാരിലും വിശ്വസിക്കുകയും അല്ലാഹുവിലും അവന്റെ റസൂൽമാരിലും വ്യത്യാസം കല്പിക്കാതിരിക്കുകയും ചെയ്യുന്നവരാരോ, അതായത് ദൈവത്തിൽമാത്രം വിശ്വസിച്ചാൽ മതി അവന്റെ റസൂൽമാരിൽ വിശ്വസിക്കേണ്ട ആവശ്യമില്ല എന്ന നിലപാട് കൈക്കൊള്ളാത്തവരും അല്ലാഹുവിനെ വിശ്വസിക്കുകയും റസൂൽമാരെ നിഷേധിക്കുകയും ചെയ്യുക എന്ന നയം സ്വീകരിക്കാത്തവരും റസൂൽമാരിൽ ചിലരെ കൊള്ളുകയും ചിലരെ തള്ളുകയും ചെയ്യുന്ന രീതി ഇഷ്ടപ്പെടാത്തവരുമായിട്ടുള്ളവരാരോ അവർക്ക് അല്ലാഹു പ്രതിഫലം നൽകുന്നതാണ്*

എന്റെ വിശദീകരണംവെച്ച് പരിശോധിക്കുമ്പോൾ, എന്നിൽ നിന്ന് പിന്തിരിഞ്ഞ് മുർത്തദ്ദായിപ്പോയ മിയാൻ അബ്ദുൽ ഹക്കീം ഖാൻ ഇപ്പോൾ എവിടെയാണുള്ളത്? തന്റെ അസ്തിത്വത്തിൽ വിശ്വസിക്കുക എന്നതിനെ റസൂൽമാരിൽ വിശ്വസിക്കുക എന്നതുമായി എങ്ങനെയാണ് അല്ലാഹു ബന്ധിപ്പിച്ചിരിക്കുന്നതെന്ന് കണ്ണുതുറന്ന് നോക്കേണ്ട സന്ദർഭമാണിത്. ഇതിലുള്ള രഹസ്യം ഇതാണ്. അതായത് തീക്കല്ലിൽ അഗ്നി അന്തർഭവിച്ചിരിക്കുന്നതുപോലെയാണ് മനുഷ്യനിൽ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം സ്വീകരിക്കാനുള്ള കഴിവ് വയ്ക്കപ്പെട്ടിരിക്കുന്നത്. റസൂലിന്റെ സാന്നിധ്യം തീക്കല്ലുപോലെയാണ്. അത് ആ കല്ലിൽ കാരുണ്യത്തിന്റെ പ്രഹരമേല്പിച്ച് ആ അഗ്നിയെ പുറത്തുകൊണ്ടുവരുന്നു. അപ്പോൾ റസൂലിനെ കൂടാതെ തീക്കല്ലിലെ തൗഹീദിന്റെ അഗ്നി ഏതെങ്കിലും ഹൃദയത്തിൽ ജന്മംകൊള്ളുകയെന്നത് ഒരിക്കലും സാധ്യമല്ല. തൗഹീദിനെ ഭൂമിയിൽകൊണ്ടുവരുന്നത് റസൂൽ മാത്രമാണ്. അദ്ദേഹം മുഖേന മാത്രമേ അത് കരഗതമാവുകയുള്ളൂ. അല്ലാഹു മറഞ്ഞിരിക്കുന്നവനാണ്. റസൂൽ മുഖേനയാണ് തന്റെ മുഖം അവൻ പ്രകടമാക്കുന്നത്.[2]

10. **യാ അയ്യുഹന്നാസു ഖദ് ജാഅക്കുമുർറസൂലു ബിൽഹഖ്ഖി മിൻർറബ്ബിക്കും ഫആമിനൂ ഖയറൻല്ലക്കും വഇൻ തക്ഫുറൂ ഫഇന്ന ലില്ലാഹി മാഫിസ്സമാവാത്തി വൽഅർള് വകാനല്ലാഹു അലീമൻ ഹക്കീമാ** (4:171).

(ശേഷം പേജ് 12ൽ)

### ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു, 'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.' (മുസ്‌ലിം)***

ത്വാലിബെ ദുആ
P.Abdul Ameer
Sadr, Ahmadiyya jama'ath Pathapiriyam (Kerala)

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു: 'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Mathottam (Kerala)

# ഖുത്ബ ജുമുഅ

ഇത്തരം സ്നേഹം ഉണ്ടാക്കാൻ അല്ലാഹുവിനുമാത്രമേ സാധിക്കൂ. ഇത്തരം സ്നേഹം അല്ലാഹുവിനുവേണ്ടി മാത്രമേ ഉണ്ടാകുകയുള്ളൂ.

കാലത്തിന്റെ ഖലീഫക്കും ജമാഅത്തിനുമിടയിലുള്ള ആത്മാർഥമായ കൂറിന്റേയും സ്നേഹത്തിന്റേയും ബന്ധം നിലനില്ക്കാത്തിടത്തോളം, ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിതമായി എന്നു പറയുന്നതിൽ ഒരു അർഥവുമില്ല. അല്ലാഹുവിനു മാത്രമേ ഈ ബന്ധം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ.

ജമാഅത്തിന് ഖിലാഫത്തിനോടുള്ള ബന്ധവും കാലത്തിന്റെ ഖലീഫയ്ക്ക് ജമാഅത്തിനോടുള്ള ബന്ധവും അല്ലാഹുവിന്റെ പിന്തുണയുടേയും സഹായത്തിന്റേയും തെളിവാണ്.

ഖിലാഫത്തുമായും ഹദ്റത്ത് മസീഹ് മൗഊദ്(അ)മായുമുള്ള ജമാഅത്തംഗങ്ങളുടെ സ്നേഹവും ആത്മാർഥതയും കൂറും വർധിച്ചുകൊണ്ടേപോകുകയാണ്. എന്തുകൊണ്ട് അങ്ങനെ ആകാതിരിക്കണം? കാരണം ഇത് നബി(സ)തിരുമേനിയുടെ പ്രവചനപ്രകാരമാകുന്നു.

ജമാഅത്തിൽ നന്മയുടെ ശബ്ദത്തിന് ലബ്ബൈക്ക് പറയുന്ന ബീജം സത്യസാക്ഷ്യത്തിനുള്ള യഥാർഥ ആത്മാവാണ്. ഈ സത്യസാക്ഷ്യത്തിന്റെ ആത്മാവ് ഒരിക്കലും വ്യാജലോകത്ത് ഉണ്ടാക്കാൻ സാധിക്കുകയില്ല. ഖിലാഫത്തിനോടുള്ള കൂറിന്റെ ബന്ധവും സ്നേഹവും വിവരണാതീതമാണ്.

വിവിധജനതകളിൽപ്പെട്ടരിൽനിന്നും വർഗ വർണക്കാരിൽനിന്നും വന്നിട്ടുള്ള ലോകം മുഴുവൻ വസിക്കുന്ന അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾക്ക് അഹ്മദിയ്യാ ഖലീഫമാരോടുള്ള അല്ലാഹുവിനുവേണ്ടിയുള്ള വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും വികാരങ്ങളുടെ ഈമാൻ ദൃഢീകരിക്കുന്ന വിവരണങ്ങൾ

മെയ് 27, ഖിലാഫത്ത് ദിനംമുതൽ എം.ടി.എ ഒരു പുതിയ അനുഗൃഹീത കാലഘട്ടത്തിൽ പ്രവേശിക്കുന്നതിന്റെ വിളംബരം.

**ലോകത്തെ വിവിധ റീജ്യണുകളുടെ അടിസ്ഥാനത്തിൽ എട്ടു ചാനലുകളിൽ ഒരു പുതിയ ക്രമീകരണത്തോടുകൂടി എം.ടി.എയുടെ സംപ്രേഷണങ്ങളുടെ ഉൽഘാടനം.**

**ഖുത്ബ ജുമുഅ 2020 മെയ് 29/1399 ഹിജ്റത്ത് 29**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ-
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ- اِهْدِنَا الصِّرَاطَ الْمُسْتَقِيمَ-
صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറഞ്ഞു: 'എനിക്ക് ആത്മാർഥതയും കൂറുമുള്ള ഒരു ജമാഅത്തിനെ നല്കിയതിന് ഞാൻ അല്ലാഹുവിന് നന്ദി പറയുകയാണ്. ഏതൊരു ജോലിക്കും ഉദ്ദേശ്യത്തിനുമാണോ ഞാനവരെ വിളിക്കുന്നത് അങ്ങേയറ്റം വേഗത്തോടും ആവേശത്തോടുംകൂടി ഒരാൾ മറ്റെയാൾക്കുമുമ്പേ ധൈര്യവും തൗഫീഖുമനുസരിച്ച് മുന്നോട്ടു വരുന്നത് നാം കാണുന്നു. അവരിൽ ഒരു സത്യസന്ധതയും ആത്മാർഥതയുമുള്ളതായും കാണുന്നു.'(മൽഫൂദാത്ത് വാള്യം 1, പേജ് 336)

ഹദ്റത്ത് മസീഹ് മൗഊദി(അ)നോടുള്ള ഈ സത്യസന്ധതയുടേയും ആത്മാർഥതയുടേയും സ്നേഹത്തിന്റേയും ദൃശ്യങ്ങൾ നമ്മൾ കാണുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സ്വഹാബത്തിന്റെ അനവധി സംഭവങ്ങളുണ്ട്. പഴയകാല അഹ്മദീ കുടുംബങ്ങളിൽ ഈ ബന്ധത്തിന്റെ നിവേദനപരമ്പര നടന്നുവരുന്നുണ്ട്. നമ്മുടെ സാഹിത്യങ്ങളിലും ഖലീഫമാരുടെ ഖുത്ബകളിലും പ്രഭാഷണങ്ങളിലും അതിനെ കുറിച്ചുള്ള പ്രതിപാദ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദി(അ)നോടുള്ള ഈ ബന്ധം ആ കുടുംബങ്ങളിലാണ് തുടർന്നു വരുന്നത്. പുതിയതായി ജമാഅത്തിൽ ചേരുന്നവർക്കുമുണ്ട്, ഉണ്ടാകേണ്ടതുമാണ്. ഈ ബന്ധം അവിടെവരെ മാത്രം ഒതുങ്ങിയതല്ല. പ്രത്യുത ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വാഗ്ദാനമനുസരിച്ച് അതിന്റെ പിന്നിലെ കണ്ണിയുമായിട്ട് അത്രമാത്രം ശക്തമായ ബന്ധമാണ് തുടർന്നുവരുന്നവർക്കുള്ളത്. അത് ജമാഅത്തിന്റെ ഒത്തൊരുമയുടേയും ഐക്യത്തിന്റേയും അടയാളമാണ്; ജാമ്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിൽനിന്ന് അറിയിപ്പു കിട്ടിയശേഷം ഈ ലോകത്തുനിന്ന് താൻ വിടപറയുന്ന വിവരംവരെ ജമാഅത്തിനോടു പറഞ്ഞിരുന്നു. അതിനോടൊപ്പം ജമാഅത്തിന്റെ തൃപ്തിക്കായി അല്ലാഹുവിൽനിന്ന് അറിവ് പ്രാപിച്ച് ജമാഅത്തിൽ ഖിലാഫത്ത് പരമ്പര തുടരുമെന്നുള്ള സന്തോഷവാർത്തയും അവിടന്ന് നല്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ പറയുന്നു: അതുകൊണ്ട് ഞാനിപ്പോൾ വിവരിച്ചു പറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവരുത്. നിങ്ങൾ അസ്വസ്ഥരാകുകയും അരുത്. എന്തുകൊണ്ടെന്നാൽ നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതുവരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാണ്. അല്ലാഹു പറയുന്നു, 'നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെമേൽ ഞാൻ വിജയം നല്കും.' (അൽവസിയ്യത്ത്, റൂഹാനീഖസാഇൻ, വാള്യം 20, പേജ് 305–306)

അല്ലാഹുവിന്റെ ഈ വാഗ്ദാനപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിയോഗാനന്തരം ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിതമായി. എന്നാൽ, കാലത്തിന്റെ ഖലീഫക്കും ജമാഅത്തിനുമിടയിലുള്ള ആത്മാർഥമായ കൂറിന്റേയും സ്നേഹത്തിന്റേയും ബന്ധം നിലനില്ക്കാത്തിടത്തോളം, ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിതമായി എന്നു പറയുന്നതിൽ ഒരു അർഥവുമില്ല. അല്ലാഹുവിനു മാത്രമേ ഈ ബന്ധം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. മനുഷ്യപ്രയത്നങ്ങൾകൊണ്ട് ഈ ബന്ധം സൃഷ്ടിക്കുവാനോ നിലനിറുത്തുവാനോ സാധിക്കുകയില്ല. ജമാഅത്തിന്റെ ഒത്തൊരുമയ്ക്കും ഐക്യത്തിനും അഭിവൃദ്ധിക്കും ഉറപ്പുനല്കുന്നത് ഈ ബന്ധം തന്നെയാണ്. ദൈവിക വാഗ്ദാനം പൂർത്തിയായി എന്നുള്ളതിനും ഹദ്റത്ത് മസീഹ്മൗഊദ്(അ)ന്റെ കൂടെ അല്ലാഹുവിന്റെ പിന്തുണയും സഹായവുമുണ്ടെന്നുള്ളതിനും ഈ ജമാഅത്ത് സത്യമാണെന്നുള്ളതിനുമുള്ള തെളിവാണിത്. പഴയ അഹ്മദികളും നവാഗതരും യുവാക്കളും കുട്ടികളും പുരുഷന്മാരും സ്തീകളും കാലത്തിന്റെ ഖലീഫയെ ഒരു നോക്കു കാണുകപോലും ചെയ്യാത്തവരും എല്ലാവരും ഒന്നടങ്കം ഇതിൽപെടുന്നു. പക്ഷേ, ഇവരെല്ലാവരും ആത്മാർഥതയിലും കൂറിലും മുൻകടന്നവരും, മുന്നേറാൻ പരിശ്രമിക്കുന്നവരുമാണ്. കാലത്തിന്റെ ഖലീഫയുടെ സന്ദേശമെത്തിക്കഴിഞ്ഞാൽ അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നവരാണ്. ആശ്ചര്യപ്പെടുത്തുന്ന വിധത്തിലുള്ള ബന്ധവും സ്നേഹപ്രകടനവുമാണ് അവരിൽ നിന്നുണ്ടാകുന്നത്. ഇതെല്ലാംതന്നെ അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിക്കുന്ന കർമസാക്ഷ്യമാണ്. ജമാഅത്തിന്റെ അഭിവൃദ്ധിയും ഇതുമായി ബന്ധപ്പെട്ടിരി

ക്കുന്നു. ഞാൻ പറഞ്ഞതുപോലെ ജമാഅത്തിന് ഖിലാഫത്തിനോടുള്ള ബന്ധവും കാലത്തിന്റെ ഖലീഫയ്ക്ക് ജമാഅത്തിനോടുള്ള ബന്ധവും അല്ലാഹുവിന്റെ പിന്തുണയുടേയും സഹായത്തിന്റേയും തെളിവാണ്. ഇതു വെറും പറച്ചിൽ മാത്രമല്ല, ജമാഅത്തംഗങ്ങളുടെ ആയിരക്കണക്കിന് ലക്ഷക്കണക്കിന് ഇത്തരം പ്രകടനങ്ങളുടെ ഉദാഹരണങ്ങളുണ്ട്. ഈ സംഭവങ്ങളെല്ലാം ഒരുമിച്ചു കൂട്ടുകയാണെങ്കിൽ അനവധി ബൃഹദ് വാള്യങ്ങൾ ആയിത്തീരുന്നതായിരിക്കും.

എന്തായാലും ഈ സമയത്ത് ഞാൻ ചില സംഭവങ്ങളേയും വികാരങ്ങളേയും അനുഭവങ്ങളേയും കുറിച്ച് പറയുന്നതായിരിക്കും. അത് ജമാഅത്തിന് കാലത്തിന്റെ ഖലീഫയുമായി എപ്പോഴും നിലനിന്നുവന്നതാണ്. ഇപ്പോഴും അത് നിലനിന്നുവരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം തുടങ്ങി ഇന്ന് 112 വർഷം പൂർത്തിയായതിനുശേഷവും അതേപോലെതന്നെ അത് നിലനില്ക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിയോഗാനന്തരം ഈ ജമാഅത്ത് നാമാവശേഷമാകുമെന്നാണ് എതിരാളികൾ ധരിച്ചിരുന്നത്. എന്നാൽ, ഖിലാഫത്തുമായും ഹദ്റത്ത് മസീഹ് മൗഊദ്(അ)മായുമുള്ള ജമാഅത്തംഗങ്ങളുടെ സ്നേഹവും ആത്മാർഥതയും കൂറും വർധിച്ചുകൊണ്ടേപോകുകയാണ്. എന്തുകൊണ്ട് അങ്ങനെ ആകാതിരിക്കണം? കാരണം ഇത് നബി(സ) തിരുമേനിയുടെ പ്രവചനപ്രകാരമാകുന്നു. ഞാനിപ്പോൾ ചില സംഭവങ്ങൾ അവതരിപ്പിക്കുകയാണ്. ഇത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിൽ നിന്ന് ആരംഭിക്കുന്നു. ഒന്നുരണ്ടു സംഭവങ്ങൾ ആദ്യം വിവരിക്കുന്നതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ രോഗാവസ്ഥയിലുള്ള ദിനങ്ങളെക്കുറിച്ച് അൽബദ്ർ പത്രത്തിന്റെ പാത്രാധിപർ എഴുതുന്നു: 'ആ ദിനങ്ങളിൽ രോഗ വിവരമന്വേഷിച്ചുകൊണ്ടുള്ള ജമാഅത്തിന്റെ സേവകരായ അംഗങ്ങളുടെ എഴുത്തുകൾ വളരെയധികം വന്നുകൊണ്ടിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ആ കത്തുകൾക്കു മറുപടിയായിക്കൊണ്ടു പറഞ്ഞു: 'രോഗവിവരമന്വേഷിച്ചുകൊണ്ട് കത്തെഴുതിയ എല്ലാവർക്കുവേണ്ടിയും ഞാൻ ദുആ ചെയ്യുകയാണ്.' എഡിറ്റർ സാഹിബ് എഴുതുന്നു: 'പ്രേമഭാജനങ്ങൾ തമ്മിൽ പല വിചിത്രമായ രീതിയിലും സ്നേഹപ്രകടനങ്ങൾ നടത്താറുണ്ട്. അവയിൽനിന്നുള്ള ചില കത്തുകളുടെ ഉദ്ധരണി മാതൃകയെന്ന നിലയിൽ രേഖപ്പെടുത്തുകയാണ്.'

ഹക്കീം മുഹമ്മദ് ഹുസയ്ൻ ഖുറയ്ശി സാഹിബ് എഴുതുന്നു: 'ഞാനൊരിക്കൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഇങ്ങനെ അർഥിക്കുകയുണ്ടായി, 'അല്ലാഹുവേ! ഹദ്റത്ത് നൂഹ്(അ)ന്റെ ജീവിതത്തിന് ഒരു സവിശേഷ സ്ഥാനമുണ്ടായിരുന്നു. ഇപ്പോഴുള്ള ആവശ്യകതയെക്കുറിച്ചുള്ള അറിവ് നിനക്കു മാത്രമേയുള്ളൂ. അതിനാൽ ഞങ്ങളുടെ അർഥന നീ സ്വീകരിക്കേണമേ. ഞങ്ങളുടെ ഇമാമിന് നീ നൂഹിന്റെ ആയുസ്സ് നൽകേണമേ.'

പിന്നീട് ബ്രാദർ മുഹമ്മദ് ഹസൻ സാഹിബ് പഞ്ചാബി മദ്രാസിൽനിന്നെഴുതുന്നു: 'ഹദ്റത്ത് സാഹിബിന്റെ ആരോഗ്യനില മെച്ചപ്പെട്ടിരിക്കുന്നുവെന്ന വാർത്ത വായിച്ച് എനിക്കുണ്ടായ സന്തോഷം എത്രമാത്രമാണെന്ന് എന്റെ മൗലാകരീമും റഹീമുമായ അല്ലാഹുതന്നെയാണ് അറിയുന്നവൻ.(അൽബദ്ർ 1911 ഫെബ്രുവരി 16, പേജ് 2, വാള്യം 10, ലക്കം 16)

എഡിറ്റർ സാഹിബെഴുതുന്നു: മുഹബ്ബത്ത് അത്ഭുതകരമായൊരു കാര്യമാണ്. ആസ്ട്രേലിയായിൽ വ്യാപാരിയായ നമ്മുടെ സ്നേഹിതൻ മിയാൻ മുഹമ്മദ് ബഖ്ശ് സാഹിബ് തന്റെ കത്തിലെഴുതുന്നു: 'താങ്കൾ ഖാദിയാനിലെ പത്രത്തിന്റെ താഴെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലായെ കുറിച്ച് മുഖപേജ് നിലനിറുത്തുന്നുണ്ടല്ലോ, അതിൽ ഖലീഫത്തുൽ മസീഹിന്റെ വാക്കുകൾ മാത്രം മതിയായതല്ല. പ്രത്യുത മുഖപേജിൽത്തന്നെ അദ്ദേഹത്തിന്റെ ആരോഗ്യത്തേയും ആഫിയത്തിനേയും സംബന്ധിച്ചും എന്തെങ്കിലും പദം സൂചിപ്പിക്കേണ്ടതാണ്. കാരണം പത്രം തുറക്കുന്ന നേരത്ത് ഏറ്റവുമാദ്യം ഏതൊരു വാക്കുകളെയാണോ ഞങ്ങളുടെ കൊതിക്കുന്ന ദൃഷ്ടികൾ തിരഞ്ഞോടുന്നത് അത് അതേ മുഖപേജിലെ വാക്കുകളാണ്. ഞങ്ങളുടെ മനസ് ആഗ്രഹിക്കുന്നത് ആ മുഖപേജ് തന്നെ ഉള്ളിലുള്ള വാക്യങ്ങൾ വായിക്കുന്നതിനുമുമ്പേ ഞങ്ങളുടെ മനസ്സുകൾക്ക് ആശ്വാസം പകരുന്നതാവണമെന്നാണ്. എഡിറ്റർ സാഹിബ് പറയുന്നു: 'ഞങ്ങളുടെ സ്നേഹിതന്റെ ആത്മാർഥതയെ അഭിമാനത്തിന്റെ ദൃഷ്ടിയോടെ ഞങ്ങൾ കാണുന്നു. അദ്ദേഹത്തിന്റെ താൽപര്യമനുസരിച്ച് ഇപ്രാവശ്യം മുഖപേജിൽത്തന്നെ അത് നല്കുന്നു.' (അൽബദ്ർ 1911 ഏപ്രിൽ 6, പേജ് 1, വാള്യം 10, ലക്കം 22-23)

ഘേഹൊബാജ്വായിലെ ഹദ്റത്ത് അബൂഅബ്ദുല്ലാഹ് സാഹിബ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സൽസംഘത്തിൽ ഇരുന്നിരുന്നു. അദ്ദേഹം ഒരു ദിവസം പറഞ്ഞു: 'എനിക്കെന്തെങ്കിലും ഉപദേശം നല്കിയാലും.' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറഞ്ഞു: 'ചെയ്യേണ്ടതായിട്ട് എന്തെങ്കിലും കാര്യമുണ്ടാകുകയും താങ്കൾ അത് ചെയ്തുകഴിഞ്ഞിട്ടില്ലാത്തതാകുകയും ചെയ്ത വല്ലതുമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നില്ല.' അദ്ദേഹം പറഞ്ഞു: മൗലവി സാഹിബ്! എന്തെങ്കിലും കാര്യം ചെയ്യാനുണ്ടായിട്ട് താങ്കൾ അത് ചെയ്തുകഴിഞ്ഞിട്ടില്ലാത്തതായി ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. ഇപ്പോഴുള്ളത് ഖുർആൻ ഹൃദിസ്തമാക്കുക എന്നതുമാത്രമാണ് ബാക്കിയുള്ളത്. അങ്ങനെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ പറയുന്നതുകേട്ട് ഏകദേശം 65-ാം വയസ്സിൽ അദ്ദേഹം വിശുദ്ധ ഖുർആൻ ഹൃദിസ്തമാക്കാൻ തുടങ്ങി. ഇത്ര പ്രായമായിരുന്നിട്ടും ഖുർആൻ ഹാഫിളായി. (അൽഫളിൽപത്രം 8-12-2010, പേജ് 4, 1947 ഏപ്രിൽ 19ലെ അൽഫള്ൽ ഖാദിയാൻ ഉദ്ധരണി). അതായത് എങ്ങനെയെങ്കിലും താൻ ഖലീഫത്തുൽ മസീഹിന്റെ കല്പന പാലിക്കണം, അതനുസരിച്ച് കർമം ചെയ്യണം എന്നതായിരുന്നു ആഗ്രഹം.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കാലഘട്ടത്തിൽ ശുദ്ധിപ്രസ്ഥാനം ശക്തി പ്രാപിച്ചു.1923-ൽ മൽക്കാന പ്രദേശത്തായിരുന്നു അതു തുടങ്ങിയത്. ഈ അവസ്ഥ കണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് ഥാനീ(റ)യുടെ മനസ്സ് അസ്വസ്ഥമായി. അവിടന്ന് അതേ വർഷം, മാർച്ച് 9 ന് ഖുത്ബ ജുമുആയിൽ അഹ്മദികളോടു സ്വന്തം ചെലവിൽ ആ പ്രദേശത്തുപോകാനും ദഅ്വത്തെ ഇലല്ലാഹ് മുഖേന ആ മുർത്തദ്ദായിപ്പോയവരെ മടക്കിക്കൊണ്ടു വരാനുമുള്ള പദ്ധതി ജമാഅത്തിന്റെ മുമ്പിൽവെച്ചു. ഈ പദ്ധതിയെ ജമാഅത്ത് ആസക്തപരമായ നിലയിൽ സ്വാഗതം ചെയ്തു. ഉന്നതവിദ്യഭ്യാസം കരസ്ഥമാക്കിയ സർക്കാർ ഉദ്യോഗസ്ഥരും അധ്യാപകരും വ്യാപാരികളും തുടങ്ങി എല്ലാ വിഭാഗത്തിലുംപെട്ട അനുരക്തരും ആ പ്രദേശങ്ങളിൽ ദഅ്വത്തെ ഇലല്ലാഹ് ചെയ്തുകൊണ്ടിരുന്നു. അവരുടെ പരിശ്രമത്തിന്റെ ഫലമായി ആയിരക്കണക്കിന് ആത്മാക്കൾ വീണ്ടും ഒരിക്കൽ ഏകനായ അല്ലാഹുവിന്റെ കലിമ ചൊല്ലാൻ തുടങ്ങി. നല്ല പ്രായമുള്ള ആളായ ഖാരീ നഈമുദ്ദീൻ സാഹിബ് ബംഗാളി ഒരു ദിവസം ഹുദൂറിന്റെ മജ്ലിസിൽ ഇരിക്കുകയായിരുന്നു. അനുവാദം വാങ്ങിക്കൊണ്ടു പറഞ്ഞു: ബി.എ.ക്ലാസ് വിദ്യാർഥികളായ എന്റെ മക്കൾ ളില്ലുർറഹ്മാനും മുത്വീയുർറഹ്മാനും എന്നോടു പറഞ്ഞിട്ടില്ലെങ്കിലും ഹുദൂർ ഇന്നലെ രജപൂത്താനയിൽപോയി ദഅ്വത്തെ ഇലല്ലായ്ക്ക് ജീവിതം വഖ്ഫു ചെയ്യാൻ ആഹ്വാനം ചെയ്തിട്ടുണ്ടെന്ന് ഞാൻ അനുമാനിച്ചു. ഏതൊരു പരിതഃസ്ഥിതിയിൽ അവിടെ താമസിക്കുന്നതിനുള്ള നിബന്ധനകൾ അവതരിപ്പിച്ചുവോ ഒരു പക്ഷേ, തങ്ങൾ ഹുദൂറിന്റെ സന്നിധിയിൽ ഇതിനു സമർപിക്കുകയാണെങ്കിൽ തങ്ങളുടെ വൃദ്ധപിതാവായ എനിക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുമെന്ന് എന്റെ മക്കളുടെ മനസ്സിലുണ്ടാകും. പക്ഷേ, ഞാൻ ഹുദൂറിന്റെ മുമ്പിൽ അല്ലാഹുവിനെ സാക്ഷിനിറുത്തി പറയുന്നു, അവർ പോകുന്നതിലോ ബുദ്ധിമുട്ടു സഹിക്കുന്നതിലോ എനിക്ക് അല്പംപോലും ദുഃഖമോ വിഷമമോ ഇല്ല. ഞാൻ വ്യക്തമായും പറയുന്നു, ഇവരിരുവരും അല്ലാഹുവിന്റെ വഴിയിൽ ജോലി ചെയ്ത് മരിക്കുകയാണെങ്കിലും ഞാൻ ഒരുതുള്ളി കണ്ണീർപോലും വീഴ്ത്തുകയില്ല. പ്രത്യുത അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നതായിരിക്കും. ഇവർ രണ്ടുപേർ മാത്രമല്ല എന്റെ മൂന്നാമത്തെ മകൻ മഹ്ബൂബുർറഹ്മാനും ദീനീ സേവനം ചെയ്തുകൊണ്ട് മരിച്ചാലും എനിക്കിനി 10 മക്കൾ ഉണ്ടായി അവരും മരിച്ചാലും ഞാൻ ദുഃഖിക്കുകയില്ല. അപ്പോൾ ഹുദൂറും മറ്റുള്ളവരും അദ്ദേഹത്തിന് ജസാക്കുമുല്ലാഹ് പറഞ്ഞു. (അൽഫള്ൽ 1923 മാർച്ച് 15, പേജ് 11)

1924-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) യൂറോപ്യൻ പര്യടനത്തിന് വന്നതായിരുന്നു. താൽകാലികമായ ആ വേർപാടുപോലും ജമാഅത്തംഗങ്ങളെ അസ്വസ്ഥരാക്കി. ഈയൊരു നിവേദനത്തിൽ നിന്ന് നമുക്കത് അനുമാനിക്കാൻ കഴിയുന്നതാണ്. ബാബൂ സിറാജുദ്ദീൻ സാഹിബ്(റ) സ്റ്റേഷൻമാസ്റ്റർ എഴുതുന്നു: 'എന്റെ ആഖാ! ഞങ്ങൾ ദൂരത്താണ്. നിർബന്ധിതരാണ്. സാധ്യമായിരുന്നെങ്കിൽ അങ്ങയുടെ കാല്പാദത്തിലെ മൺതരിയായിത്തീരുമായിരുന്നു. ഈ വേർപാടിന്റെ വേദന ഞങ്ങൾക്കു താങ്ങാനാകുന്നില്ല. ആഖാ! ഞാൻ നാലു വർഷമായി ദാറുൽ അമാനിൽ പോയിട്ടില്ലായിരുന്നു. എന്നിട്ടും മനസ്സംതൃപ്തിയുണ്ടായിരുന്നു. തോന്നുമ്പോളെല്ലാം ഹുദൂറിന്റെ കാൽക്കീഴിലെത്തിച്ചേരുമായിരുന്നു. എന്നാൽ, ഇപ്പോൾ ഒരു ദിവസംപോലുംകഴിഞ്ഞുപോകുക ദുഷ്കരമാണ്. അല്ലാഹുത്തആല തന്റെ സഹായത്താൽ ഹൂദൂറിനെ വിജയശ്രീലാളിതനായി സുഖക്ഷേമത്തോടെ തിരിച്ചെത്തിക്കുമാറാകട്ടെ.' (സവാനഹെ ഫള്ലെ ഉമർ, വാള്യം 5, പേജ് 475)

ഈ സ്നേഹം ആര് സൃഷ്ടിച്ചതാണ്? ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) പറയുന്നു: "ഒരു യുവാവ് കഴിഞ്ഞ വർഷം എന്റെ ആഹ്വാനം കേട്ടു. അദ്ദേഹം സർഗോദ ജില്ലക്കാരനായിരുന്നു. ആ യുവാവ് പാസ്പോർട്ട് കൂടാതെ തന്നെ അഫ്ഗാനിസ്താനിലെത്തി." അദ്ദേഹം പറഞ്ഞു: 'കാലത്തിന്റെ ഖലീഫയുടെ നിർദേശമാണിത്, അത് ഒരു ബന്ധവുമാണ്. അത് നിർവഹിക്കേണ്ടത് നിർബന്ധമാണ്. അത് തബ്ലീഗ് ചെയ്യാനുള്ള ആഹ്വാനമായിരുന്നു. കേട്ടുടനെ അദ്ദേഹം അഫ്ഗാനിസ്താനിലെത്തി. "തബ്ലീഗ് ആരംഭിച്ചു." പാസ്പോർട്ടും കൈയിലുണ്ടായിരുന്നില്ല. സർക്കാർ അദ്ദേഹത്തെ പിടിച്ച് ജയിലിലിട്ടു. അവിടെ തടവുകാരേയും ഓഫീസർമാരേയും തബ്ലീഗ് ചെയ്യാൻ തുടങ്ങി. അവിടുത്തെ അഹ്മദികളെ പരിചയപ്പെടുത്തുകയും ചിലയാളുകളിൽ സ്വാധീനമിടുകയും ചെയ്തു. അവസാനം ഇയാൾ ജയിലിലും സ്വാധീനമുണ്ടാക്കുന്നുവെന്ന് പറഞ്ഞ് ഓഫീസർമാർ റിപ്പോർട്ടു നല്കി. മുല്ലാക്കൾ അയാളെ വധിക്കാൻ ഫത്വ നല്കി. എന്നാൽ, മന്ത്രി പറഞ്ഞു, ഇയാൾ ഇംഗ്ലീഷുകാരുടെ പ്രജയാണ്. അയാളെ വധിക്കാൻ നമുക്കു സാധിക്കുകയില്ല. അവസാനം സർക്കാർ തങ്ങളുടെ സംരക്ഷണത്തിൽ അയാളെ ഇന്ത്യയിൽ എത്തിച്ചു.' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ എഴുതുന്നു: ഇപ്പോൾ അദ്ദേഹം ഒരുപാടു മാസങ്ങൾക്കുശേഷമാണ് തിരിച്ചെത്തിയത്. അയാളുടെ ധൈര്യത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ, ഞാൻ അയാളോടു താങ്കൾ തെറ്റാണ് ചെയ്തതെന്ന് പറഞ്ഞു. താങ്കൾക്കു പോകാവുന്ന ധാരാളം രാജ്യങ്ങൾ ഉണ്ടായിരുന്നു. അറ

സ്റ്റിലാകാതെ അവിടെ തബ്‌ലീഗും ചെയ്യാമായിരുന്നു. അദ്ദേഹം ഉടനെ പറഞ്ഞു: 'ഇനി താങ്കൾ ഏതെങ്കിലും രാജ്യം പറയുക, ഞാൻ അവിടെ പോകാം.' ആ യുവാവിന്റെ ഉമ്മ ജീവിച്ചിരിപ്പുണ്ടായിരുന്നു. പക്ഷേ, ഉമ്മയെ കാണാതെതന്നെ വേറെ ഏതെങ്കിലും രാജ്യത്ത് പോകാനും അദ്ദേഹം തയ്യാറായിരുന്നു. എന്നാൽ, ഞാൻ പറഞ്ഞതുകൊണ്ട് അദ്ദേഹം ഉമ്മയെ കാണാൻ പോകുകയാണ്." ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) പറയുന്നു: 'മറ്റു യുവാക്കളും അഫ്ഗാനിസ്താനിൽനിന്നു വന്ന ഈ പഞ്ചാബിയെപ്പോലെ ധൈര്യം കാണിക്കുകയാണെങ്കിൽ കുറച്ചു കാലത്തിനുള്ളിൽ മുഖച്ഛായ മാറാവുന്നതാണ്."(താരീഖെ അഹ്മദിയ്യത്ത് വാല്യം 8, പേജ് 44)

ശാമിൽ മുഹമ്മദ് അൽശിവാങ് എന്നൊരു സ്നേഹിതനുണ്ടായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ശാമിൽ പോയപ്പോൾ അദ്ദേഹത്തിന് ഹുദൂറിനോടൊപ്പം ലബ്നാനിൽ പോകാനും ഭാഗ്യം കിട്ടി. വളരെ നല്ലൊരു വക്കീലായിരുന്നു. ഖിലാഫത്തിനോടു ശക്തമായൊരു ബന്ധമായിരുന്നു. വക്കീലായിരുന്നതുകൊണ്ട് എല്ലാ കാര്യങ്ങളും തെളിവോടുകൂടി അവതരിപ്പിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. എന്നാൽ, ഖലീഫത്തുൽ മസീഹ് ഇങ്ങനെ പറഞ്ഞിരിക്കുന്നുവെന്നു ആരെങ്കിവും പറഞ്ഞാൽ. 'എല്ലാം ഇവിടെ അവസാനിച്ചിരിക്കുന്നു'വെന്ന് അദ്ദേഹം പറയുമായിരുന്നു. ഈ കല്പന വന്നതോടെ പ്രശ്നം അവസാനിച്ചു! ഇനി ഖലീഫത്തുൽ മസീഹിന്റെ തീരുമാനമാണ്. അവരുടെ ബന്ധം ഇങ്ങനെയായിരുന്നു. (ഖുത്ബ ജുമുഅ 23-10-2009, ഖുത്ബാത്തെ മസ്റൂർ വാല്യം 7, പേജ് 503-504)

മൂന്നാം ഖിലാഫത്തിന്റെ കാലഘട്ടം വന്നു. അമേരിക്കയിലെ ഒരു അഹ്മദി വനിതയായിരുന്നു, സിസ്റ്റർ നഈമ ലത്വീഫ്. അവർക്ക് ഖിലാഫത്തിനോടും കാലത്തിന്റെ ഖലീഫയോടും അതിരറ്റ പ്രേമമായിരുന്നു. കാലത്തിന്റെ ഖലീഫയുടെ അനുസരണത്തിന് പ്രഥമ പരിഗണന നൽകിയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ അമേരിക്കൻ പര്യടന വേളയിൽ ഒരു യൂണിവേഴ്സിറ്റിയിൽ പർദയുടെ പ്രാധാന്യത്തെക്കുറിച്ച് അവിടന്ന് പറഞ്ഞത് കേട്ടുടനെ ഹിജാബ് വാങ്ങി. അക്കാലത്ത് അവരുടെ പ്രദേശത്ത് അവർ മാത്രമേ ഇസ്‌ലാമിക പർദയിൽ കാണപ്പെട്ടിരുന്നുള്ളൂ.'(ഖുത്ബാത്തെ മസ്റൂർ വാല്യം 12, പേജ് 605, ഖുത്ബ ജുമുഅ 03-10-2014, )

കാലത്തിന്റെ ഖലീഫയുടെ കല്പന പാലിക്കണമെന്നുള്ള ആവേശമായിരുന്നു അത്. ഖലീഫയുമായി ഒരു ബന്ധമുണ്ട് അത് നിറവേറ്റണം. ഞാൻ ബയ്അത്ത് ചെയ്തിട്ടുണ്ടെങ്കിൽ ആ കല്പനയും പാലിക്കേണ്ടതാണ്.

ഖാനീവാൽ ജില്ലയിലെ നദീർ അഹ്മദ് സാഹിബ് സാനോൽ ഒരു സംഭവം കേൾപ്പിച്ചു.

ബാഗഡ് സർഗാനയിലെ ഒരു ആത്മാർഥ അഹ്മദിയായിരുന്നു ബഹുമാന്യനായ മെഹ്ർ മുഖ്താർ അഹമദ് സാഹിബ്. അദ്ദേഹത്തിന്റെ സംഭവം വിവരിക്കുന്നു. 1974ലെ അവസ്ഥകളിൽ എതിരാളികൾ അദ്ദേഹത്തിന്റെ ജീവിതം മുട്ടിച്ചു. ആവേശമുള്ള ഒരു ദാഈ ഇലല്ലാഹ് ആയതുകൊണ്ട് ബന്ധുമിത്രാദികളെല്ലാം കഠിന വിരോധികളായിത്തീർന്നു. പൂർണ്ണ പന്തിവിരോധം ഏർപ്പെടുത്തി. ഈ കാര്യംകൊണ്ട് അദ്ദേഹം മുമ്പേയുള്ളതിനെക്കാൾ തന്റെ വിശ്വാസത്തിൽ ദൃഢഗാഢനായി. തന്റെ സുഹൃത്ത് വലയത്തിൽ വിസ്താരമുണ്ടാക്കി. എതിരാളികൾ തങ്ങളുടെ പ്രവർത്തനങ്ങൾക്കും മൂർച്ചകൂട്ടി. ശത്രുക്കളുടെ പ്രവർത്തനങ്ങൾ വർധിക്കാൻ തുടങ്ങി. അദ്ദേഹം കുട്ടികളുടെ നല്ല വിദ്യാഭ്യാസത്തിനും പരിശുദ്ധമായ ചുറ്റുപാടിൽ വളർത്തുന്നതിനുംവേണ്ടി നാട്ടിലെ കൃഷിഭൂമി വിറ്റ് റബ്‌വയുടെ പരിസരത്ത് നിലം പാട്ടത്തിനെടുത്ത് കൃഷി ആരംഭിച്ചു. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥുമായി നടത്തിയ കൂടിക്കാഴ്ചയിൽ ബാഗഡ് സർഗാനയിലെ-ഗ്രാമത്തിന്റെ പേരാണ്-സ്ഥലം വിറ്റ് റബ്‌വയ്ക്ക് അടുത്ത് താൻ പാട്ടത്തിന് സ്ഥലമെടുത്ത് കൃഷി ചെയ്യുന്നുവെന്ന് പറഞ്ഞപ്പോൾ ഹുദൂറിന് അത് ഇഷ്ടപ്പെട്ടില്ല. ഹുസൂർ പറഞ്ഞു: 'ആ പ്രദേശം വിട്ടുപോരാൻ പാടില്ലായിരുന്നു.' അദ്ദേഹം ഉടനെ അതനുസരിച്ചു പ്രവർത്തിച്ചു. പാട്ടത്തിനു വാങ്ങിയ സ്ഥലമുടമയോടു കരാർ തുക തിരികെ ആവശ്യപ്പെട്ടു. അയാൾ അത് നിഷേധിച്ചപ്പോൾ വിളഞ്ഞു നില്ക്കുന്ന നിലം അതേ പടി ഉപേക്ഷിച്ച് കരാർ തുക വാങ്ങാതെ സ്വദേശമായ ബാഗഡ് സർഗാനയിലെത്തി. ഒരുപാടു ശ്രമിച്ച് താൻ വിറ്റ അതേ ഭൂമി അധികവിലക്കു വാങ്ങി. എന്നിട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ സന്നിധിയിൽ ഹാജരായി, പറഞ്ഞു; ഞാൻ അങ്ങയുടെ നിർദേശം പ്രാവർത്തികമാക്കിയിരിക്കുന്നു. ഹുദൂർ അതിൽ സന്തോഷം പ്രകടിപ്പിച്ചു. മെഹർ അലി സാഹിബിനും അപ്പോൾ വളരെ സന്തോഷമായി.' (അൽഫള്ൽ ദിനപത്രം 2010 മെയ് 10, പേജ് 5)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ഒരിക്കൽ തന്റെ ഒരു ഖുത്ബയിൽ പറഞ്ഞു: ഞാൻ 1970 ൽ ആഫ്രിക്കൻ പര്യടനത്തിനുപോയി. അവിടെ ഒരു സ്ഥലത്ത് നമ്മുടെ മുബല്ലിഗ് എങ്ങനെയുള്ള പരിപാടിയാണ് വെച്ചതെന്നാൽ എനിക്ക് അത് വളരെ പ്രയാസമുണ്ടാക്കുന്നതായിരുന്നു. കാരണം നൂറു മൈൽദൂരം താണ്ടി ഏതൊരു സമയത്താണ് അവിടെ എത്തിയതെന്നാൽ ജമാഅത്തംഗങ്ങളുമായി ഹസ്തദാനംപോലും ചെയ്യാൻ പറ്റിയില്ല. അതുകൊണ്ട് നൂറുമൈൽ യാത്ര അല്ലായിരുന്നു ബുദ്ധിമുട്ട്. പ്രോഗ്രാം എത്രമാത്രം ഹ്രസ്വമായിരുന്നുവെന്നാൽ അവിടുത്തെ ജനങ്ങളെ ഹസ്തദാനം ചെയ്യാൻ കഴിഞ്ഞില്ല എന്നതായിരുന്നു ബുദ്ധിമുട്ട്. കാരണം അവിടെ വിദേശരാജ്യങ്ങളിൽനിന്ന് ക്രിസ്ത്യാനികളും പങ്കെടുത്ത ഒരു യോഗത്തിൽ പ്രസംഗിക്കണമായിരുന്നു. ഹുദൂർ പറയുന്നു: ഞാൻ പ്രസംഗിച്ചു. ചോദ്യോത്തരങ്ങൾ നടന്നുകൊണ്ടിരുന്നു. അതിൽ ഒരുപാട് നേരംപോയി. പ്രത്യേക സമയം കഴിഞ്ഞപ്പോൾ ഹസ്തദാനം ഉണ്ടാകുകയില്ലെന്ന് നമ്മുടെ മുബല്ലിഗ് സാഹിബ് വിളംബരം ചെയ്തു. ഹുദൂർ(റഹ്) പറയുന്നു: ജീവിതത്തിലാദ്യമായ അഹ്മദിയ്യാ ഖലീഫയെ കണ്ടപ്പോൾ അവർ എന്റെ അടുക്കൽവന്നു. ഇനി എപ്പോൾ ഹസ്തദാനത്തിന് അവസരം കിട്ടുമെന്ന് അവർക്കറിയില്ലായിരുന്നു. അവർ ആ വിളംബരമുണ്ടായിട്ടും ഹസ്തദാനത്തിന് ഒന്നായി ചാടിവീണു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പറയുന്നു: തദ്ദേശിയരായി അഹ്മദി സഹോദരന്മാർ എന്റെ പ്രൈവറ്റ് സെക്രട്ടറിയേയും മറ്റു സഹപ്രവർത്തകരേയും എങ്ങനെ തള്ളിനീക്കിയെന്നാൽ അവർ എവിടെയാണ് പോയതെന്ന് അവർക്കുതന്നെ അറിയില്ല. ഹസ്തദാനം ആരംഭിച്ചു. അവിടന്ന് പറയുന്നു, ഹസ്തദാനം ആരംഭിച്ചുവെന്നത് ശരിതന്നെ. പക്ഷേ, അത് സാധാരണ രീതിയിലുള്ളതായിരുന്നില്ല. ഓരോ വ്യക്തിയും വിടാതെ എന്റെ കൈപിടിച്ചുകൊണ്ടിരുന്നു. എന്റെ മുഖത്തുനോക്കി കൈ പിടിച്ചു അവർ നില്ക്കുകയായിരുന്നു. അടുത്തയാൾ കാത്തുനിന്നു. അവസാനം പൊറുതിമുട്ടിയപ്പോൾ ഈ ഹസ്തദാനം തിക്കിലേക്കും തിരക്കിലേക്കും മാറി. അടുത്തുവരുന്നയാൾ ഒരു കൈകൊണ്ടു മുമ്പേ വരുന്നയാളെ പിടിച്ചു. മറുകൈകൊണ്ട് എന്റെ തോളിൽ പിടിച്ചു. മുമ്പേയുള്ള ആളെ തള്ളി അകറ്റി. പിന്നീട് എനിക്കു കൈതന്നു. അയാളും പിടിച്ച കൈ വിടാതെ വന്നപ്പോൾ അടുത്തയാൾക്കും അങ്ങനെ ചെയ്യേണ്ടിവന്നു. എന്തായാലും ഹുദൂർ(റഹ്) പറയുന്നു: വളരെ പ്രയാസപ്പെട്ടാണ് ഞാൻ അവിടെനിന്ന് പുറത്തിറങ്ങിയത്. മറ്റുള്ളവരോടു ഞാൻ പറയുകയാണ്, എന്റെ ആളുകളോടു ഞാൻ പറയുന്നില്ല, അവർക്ക് ഖിലാഫത്തും ജമാഅത്തും തമ്മിലുള്ള ബന്ധം അറിയാം, മറ്റുള്ളവരോടു ഞാൻ പറയുകയാണ്, 'ഒരിക്കലും എന്നെ കണ്ടിട്ടില്ലാത്തവരും എന്റെ അവസ്ഥകൾ അറിയാത്തവരുമായ, അഞ്ചാറായിരം മൈൽ ദൂരത്തുനിന്ന് വന്നവരുടെ മനസ്സിൽ എന്നോടു ഇത്തരത്തിലുള്ള സ്നേഹമുണ്ടായത് എന്റെ എന്തെങ്കിലും ശ്രേഷ്ഠതകൊണ്ടാണെന്ന് മനസ്സിലാക്കാൻ ഞാൻ വിഡ്ഢിയല്ല. അവരും ഇപ്രകാരം ഹസ്തദാനത്തിനുവേണ്ടി മുന്നോട്ടു ചാടി വന്നുകൊണ്ടിരിക്കുകയായിരുന്നു. ഈ സ്നേഹം അല്ലാഹു ഉണ്ടാക്കിയതാണ്.'(ഖുത്ബാത്തെ നാസിർ വാല്യം 6, പേജ് 547-548, ഖുത്ബ ജുമുഅ 22-10-1976, )

പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റ)ന്റെ കാലഘട്ടം വരുന്നു. അവിടന്ന്(റഹ്) പറയുന്നു: ആഫ്രിക്കയിൽ ഉണ്ടായിട്ടുള്ള മഹത്തായ മാറ്റം അവിടുത്തെ പഴയകാല വാഖ്ഫീന്റെ ത്യാഗങ്ങളുടെ ഫലമാണ്. ഇന്ന് അവിടെ കണ്ടുവരുന്ന അതിമഹത്തായ മാറ്റങ്ങൾ, അത് എത്രമാത്രം മഹത്തായതാണെന്നാൽ അവയെ കുറിച്ചുള്ള ഭാ വന അവിടുത്തെ ജമാഅത്തുകൾക്കുപോലും ഇ ല്ല; രാജ്യത്തിനുള്ളിൽ എത്ര ആശ്ചര്യകരമായ മാറ്റങ്ങളാണുണ്ടായി കഴിഞ്ഞിട്ടുള്ളതെന്ന്! വലിയ വലിയ അനുഭവസ്ഥരും തങ്ങളുടെ രാജ്യങ്ങളിൽ സർക്കാറുകളിൽ നല്ല സ്വാധീനമുള്ളവരുമായ ചില അഹ്മദികൾ എന്നോട് പറയുകയുണ്ടായി, ഞങ്ങളുടെ ജനത അഹ്മദിയ്യത്തിനോടുള്ള സ്നേഹത്തിലും സഹകരണത്തിലും ഇത്രമാത്രം മുന്നേറികഴിഞ്ഞിട്ടുണ്ടെന്ന് ഞങ്ങൾക്കുതന്നെയും അറിവുണ്ടായിരുന്നില്ല. അവർക്ക് സന്ദേശമെത്തിക്കാൻ ഇവർ ഈ നേരത്ത് വളരെയധികം തയ്യാറായിരിക്കുന്നു. അവിടന്ന് പറയുന്നു: 'ഒരു സാഹിബുണ്ട്.' അദ്ദേഹത്തിന്റെ പേരു പറയുന്നത് ശരിയല്ല. അദ്ദേഹത്തിന്റെ രാജ്യം പറയുന്നതും ശരിയല്ല. അദ്ദേഹം പറഞ്ഞു: എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഞങ്ങളുടെ ജനതയ്ക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ ഏതെങ്കിലും ഖലീഫയക്ക് സേവനം ചെയ്യാൻ തൗഫീഖു കിട്ടുമെന്നും ഇത്തരം സ്നേഹപ്രകടനത്തിന് അവസരം കിട്ടുമെന്നും എന്റെ സങ്കൽപത്തിൽപോലുമുണ്ടായിരുന്നില്ല. എന്റെ ഭാവനയിൽപോലും ഇക്കാര്യമുണ്ടായിരുന്നില്ല. ഞാനിവിടെ എന്തൊന്നാണോ കണ്ടത് അത് സർക്കാറിന്റെ നേതാക്കന്മാർക്ക് മാത്രമുള്ളതാണെന്നും അതെല്ലാം ഭൗതികമായ ദൃഷ്ടിയോടെയാണ് ചെയ്യാറുള്ളതെന്നും അദ്ദേഹം പറയുകയുണ്ടായി. മാത്രമല്ല നമ്മുടെ ജമാഅത്തിന്റെ ഭാഗത്തുനിന്ന് ഒരുവിധ പ്രയത്നവും


**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

**ഹദീഥുന്നബ്‌വി (സ):**

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

ഇതിനുണ്ടായിട്ടില്ല. ഇവിടെ ഉണ്ടായതെല്ലാം അദൃശ്യത്തിൽ നിന്നുള്ളതാണ്; അതും അത്യത്ഭുതകരമായ മാർഗത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. (ഖുത്ബാത്തെ ത്വാഹിർ വാള്യം 7, പേജ് 134–135) ഇതെല്ലാം അല്ലാഹുവിൽനിന്നുണ്ടായതാണ്. ഹദ്റത്ത് ഖലീഫത്തുൽ റാബിഅ്(റഹ്) പാക്കിസ്താനെ സംബന്ധിച്ച് ഒരു അവസരത്തിൽ പ്രതിപാദിച്ചുകൊണ്ടു പറഞ്ഞു, ചില തിന്മകളെ കുറിച്ച് പറയുകയായിരുന്നു: 'പാക്കിസ്താനിലും ചില തിന്മകൾ ഉദാഹരണത്തിന് വീഡിയോ കാസറ്റിന്റെ ദുരുപയോഗം തുടങ്ങിയിരിക്കുന്നു.' അവിടന്ന് പറയുന്നു: ഞാൻ ഒരു ഖുത്ബയിൽ വിളംബരം ചെയ്തിരുന്നു ചില ദുരാചാരങ്ങളുടെ വഴി തുറന്നു വരുന്നുണ്ട്. അതിലൂടെ സാമൂഹികമായ സൽസ്വഭാവങ്ങൾ നശിക്കുന്നതായിരിക്കും. വീടുകളുടെ സമാധാനം ഉയർന്നുപോകും. ഭാര്യാഭർത്താക്കന്മാരുടെ വാക്കുപാലനത്തിന്റെ പരമ്പര പൊട്ടിത്തകർന്നുപോകും. അവരുടെ ബന്ധങ്ങളിൽ വിള്ളലുകളുണ്ടാകും. ഒരിക്കലും ഈ അഭിരുചിയെ വളരാൻ അനുവദിക്കരുത്. എനിക്ക് പാക്കിസ്താനിൽനിന്നു കിട്ടിയ കത്തുകൾ കാരണത്താൽ എന്റെ മനസ്സ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പറയുന്നു: എനിക്ക് പാക്കിസ്താനിൽനിന്നു കിട്ടിയ കത്തുകൾ കാരണത്താൽ എന്റെ മനസ്സ് അല്ലാഹുവിന്റെ സന്നിധിയിൽ സുജൂദിൽ വീണു. ആവർത്തിച്ച് സുജൂദിൽ വീണു. തിന്മകളിൽ അകപ്പെട്ടിരുന്ന ആളുകൾ തങ്ങൾ ആ ചീത്ത പ്രവൃത്തികളിൽ വീണുപോയിരുന്നുവെന്നും അല്ലാഹുവിന്റെ ഔദാര്യകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തുമായുള്ള ബന്ധം കാരണത്താൽ നേരിട്ട് അങ്ങയുടെ ശബ്ദം ഞങ്ങളിലെത്തിയപ്പോൾ ഈ എല്ലാ വ്യാജമായ ബിംബങ്ങളേയും തകർത്ത് ഞങ്ങളുടെ മനസ്സിൽനിന്ന് പുറത്തെറിഞ്ഞുവെന്നും വ്യക്തമായും എഴുതിയിരിക്കുന്നു. അതിനാൽ അവിടന്ന് പറയുന്നു, ജമാഅത്തിൽ നന്മയുടെ ശബ്ദത്തിന് ഉത്തരവ് നല്കുന്ന ബീജമുള്ളത് സത്യസാക്ഷ്യത്തിന്റെ യഥാർഥ ആത്മാവാണ്. ഈ സത്യസാക്ഷ്യത്തിന്റെ ആത്മാവ് ഒരിക്കലും വ്യജമായ ലോകത്ത് ഉണ്ടാക്കുവാൻ സാധിക്കുകയില്ല. (ഖുത്ബാത്തെ ത്വാഹിർ വാള്യം 11, പേജ് 920)

ഹുസൂർ പറഞ്ഞു: ഇനിയുള്ളത് എന്റെ കാലത്തുള്ള കാര്യങ്ങളാണ്. 2004–ൽ ഞാൻ നൈജീരിയൻ പര്യടനം നടത്തി. രണ്ടുദിവസത്തെ പര്യടനമായിരുന്നു. ആദ്യം അവിടെ പോകുവാനുള്ള പദ്ധതിയുണ്ടായിരുന്നില്ല. യാദൃശ്ചികമായി പരിപാടി ഉണ്ടായതാണ്. ഫ്ളൈറ്റ് അവിടെ നിന്നായതുകൊണ്ട് നിർബന്ധാവസ്ഥയിൽ അവിടെപോയതാണ്. എന്നാൽ, അവിടെ ചെന്ന് കഴിഞ്ഞപ്പോഴാണ് മനസ്സിലാക്കാൻ സാധിച്ചത്, ഇവിടെ വരേണ്ടത് അനിവാര്യമായിരുന്നു എന്ന്. വരാതിരുന്നാൽ അത് അബദ്ധമായിപ്പോകുമായിരുന്നു. കുറച്ചുകാലം മുമ്പേ നൈജീരിയ ജമാഅത്തിന്റെ ജൽസ നടന്നു കഴിഞ്ഞിരുന്നു. ജനങ്ങൾ വൻതോതിൽ ഈ ജൽസയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ഞാനവിടെ എത്തിക്കഴിഞ്ഞാൽ ദൂരെദൂരെ നിന്ന് ആളുകൾക്ക് അവിടെ വരാൻ കഴിയുമെന്ന് വിചാരിച്ചതേ ഇല്ല. പക്ഷേ, വെറും രണ്ട് മണിക്കൂർ നേരത്തേക്ക് എന്നെ കാണാൻ മുപ്പതിനായിരത്തോളം സ്ത്രീകളും പുരുഷൻമാരും അവിടെ സമ്മേളിച്ചിരുന്നു. അവരുടെ ആത്മാർഥതയുടെയും കൂറിന്റെയും ദൃശ്യം ഒന്നു കാണേണ്ടതുതന്നെയായിരുന്നു. ഖിലാഫത്തിനോടുള്ള അവരുടെ ആത്മാർഥമായ ബന്ധവും സ്നേഹവും വിവരാണാതീതമാണ്. കാലത്തിന്റെ ഖലീഫയെ ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്ത അവർ നേരിട്ടു കാണുന്ന സമയത്തുള്ള അവരുടെ പ്രകടനങ്ങൾ അത്ഭുതപ്പെടുത്തുന്നതായിരുന്നു. അവിടെനിന്നും തിരിച്ചുവരുമ്പോൾ ദുആ ചെയ്യുന്ന സമയത്ത് ചില സ്ത്രീകളും പുരുഷന്മാരും വളരെ വികാരഭരിതരായിരുന്നു. അവരുടെ ആവേശം കണ്ട് അത്ഭുതം തോന്നി. ഇത്തരം സ്നേഹം ഉണ്ടാക്കാൻ അല്ലാഹുവിനുമാത്രമേ സാധിക്കൂ. ഇത്തരം സ്നേഹം അല്ലാഹുവിനുവേണ്ടി മാത്രമേ ഉണ്ടാകുകയുള്ളൂ. തങ്ങൾ ഇന്നയിന്ന ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് ജമാഅത്തിന്റെ മിഷൻ നിറുത്തിപ്പിച്ചിരിക്കുന്നുവെന്നും ഇന്നയിന്ന സ്ഥലങ്ങളിൽ ഉടൻ നിറുത്തലാക്കുന്നതാണെന്ന് തങ്ങൾക്ക് ഉറപ്പു ലഭിച്ചിരിക്കുന്നുവെന്നുമെല്ലാം പറഞ്ഞ് മൗലവിമാർ വലിയ വീരവാദങ്ങൾ മുഴക്കാറുണ്ട്. എന്നാൽ, ആരെങ്കിലും അവരോടൊന്നു ചോദിക്കുക, അവിടെയുള്ള ജനങ്ങൾ കാണിക്കുന്ന ആത്മാർഥതയും കൂറും അതുപോലെ എം.ടി.എയിൽ കാണിക്കുന്ന അവരുടെ മുഖങ്ങളും പിന്നെ നമ്മൾ അവിടെപ്പോയി നേരിട്ടു കാണുന്ന കാഴ്ചകളുമെല്ലാം എന്താണെന്ന്? ഇതെല്ലാം മിഷൻ നിറുത്തലാക്കിയതിന്റെ ഫലങ്ങളാണോ? അവരെന്തായാലും അവരുടെ വീരവാദങ്ങൾ മുഴക്കിക്കൊണ്ടിരിക്കും. മുഴക്കിക്കൊള്ളട്ടെ! എന്നാൽ, ഇതെല്ലാം നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്തുകയും അത് അഭിവൃദ്ധിക്കു കാരണമായിക്കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്.(ഖുത്ബാത്തെ മസ്റൂർ വാള്യം 2, പേജ് 253–254)

2008ലാണ് ഘാനയിൽ പര്യടനം നടന്നത്. അവിടെ അല്ലാഹുവിന്റെ കൃപയാൽ ജമാഅത്ത് ഒരു സ്ഥലം വാങ്ങി. വിശാലമായ സ്ഥലമാണ്. 500 ഏക്കറിനടുത്തുണ്ട്. അവിടെ ജൽസയായിരുന്നു. ഞാൻ ചെല്ലുന്നതിനുമുമ്പേതന്നെ ഭൂരിഭാഗം പുരുഷന്മാരും സ്ത്രീകളും എത്തിക്കഴിഞ്ഞിരുന്നു. ഈ പുതിയ സ്ഥലത്ത് ആദ്യം ഒരു കോഴിവളർത്തൽ കേന്ദ്രമുണ്ടായിരുന്നു. അതിന്റെ ഷെഡ്ഡുണ്ടായിരുന്നു. അതുമാറ്റി അവിടുത്തെ ജമാഅത്ത് ജൽസയ്ക്കുവേണ്ടി കുറച്ചു താമസസൗകര്യം ഉണ്ടാക്കിയിരുന്നു. വാതിലുകളും ജനാലുകളും പിടിപ്പിച്ച് 'ബാരിക്' പോലെ ആയിരുന്നു അത്. പക്ഷേ, എന്നിട്ടും സ്ഥലത്തിന് ഞെരുക്കമുണ്ടായിരുന്നു. ധാരാളം ആളുകൾ പങ്കെടുത്തിരുന്നു. പക്ഷേ, അവിടെ വന്നിരുന്നവരാരും സ്ഥലപരിമിതിയെ കുറിച്ച് പരാതിയൊന്നു പറഞ്ഞില്ല. ജൽസയിൽ പങ്കെടുത്തവരിൽ അധികവും നല്ല ഭക്ഷണം കഴിക്കുന്നവരായിരുന്നു. വ്യാപാരികളായിരുന്നു. സ്കൂളുകളിൽ പഠിപ്പിക്കുന്നവരായിരുന്നു. മറ്റു ജോലികൾ ചെയ്യുന്നവരായിരുന്നു. അവർക്കു കിടക്കാൻ സ്ഥലം കിട്ടിയില്ലെങ്കിൽ പുറത്ത് ഷീറ്റു വിരിച്ച് സുഖകരമായി ഉറങ്ങിയിരുന്നു. ഒന്നാമതായി പറഞ്ഞാൽ ഘാനൻ ജനതയിൽ ക്ഷമ വളരെ അധികമാണ്. പക്ഷേ, ആ ദിനങ്ങളിൽ അവർ പ്രത്യേകിച്ചും ക്ഷമയുടെ നല്ല മാതൃക കാണിച്ചു. ആരോ അവരോടു നിങ്ങൾക്ക് വെളിയിലുറങ്ങിയതുകൊണ്ട് ബുദ്ധിമുട്ടുണ്ടായി കാണുമെന്ന് പറഞ്ഞപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ ജൽസ കേൾക്കാനാണ് വന്നത്. കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യത്തിൽ ജൽസ നടക്കുകയാണ്. രണ്ടു ദിവസത്തെ താൽക്കാലിക ബുദ്ധിമുട്ടുകൊണ്ട് എന്തു സംഭവിക്കാനാണ്. ഈ ജൽസയിൽ പങ്കെടുക്കാൻ അല്ലാഹു ഞങ്ങൾക്ക് തൗഫീഖ് നല്കിയതിൽ ഞങ്ങൾ സന്തോഷവാന്മാരാണ്.

ബുർക്കിനാ ഫാസോയിൽനിന്നും ആളുകൾ അവിടെ വന്നിരുന്നു. മറ്റു അയൽരാജ്യങ്ങളിൽ നിന്നും വന്നിരുന്നു. ബുർക്കിനാ ഫാസോയിൽനിന്ന് വളരെ വലിയ സംഘമാണ് വന്നതെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. അവരിൽ ചിലർക്ക് ഭക്ഷണം കിട്ടിയില്ല. അവരുടെ എണ്ണം മൂവായിരത്തോളമായിരുന്നു. ഏറ്റവും വലിയ എണ്ണം അവരുടേതായിരുന്നു. 300 ഖുദ്ദാം 1600 കിലോമീറ്റർ സൈക്കിൾ ചവുട്ടിയാണ് വന്നത്. അവിടുത്തെ മുബല്ലിഗിനോടു അവർക്ക് ഭക്ഷണം കിട്ടിയില്ലെന്നും അവരോടു ഖേദം പ്രകടിപ്പിക്കാനും ഞാൻ പറഞ്ഞു. ഭാവിയിൽ നിങ്ങൾ ഇക്കാര്യം ഓർമ വെക്കുകയും വേണം. അങ്ങനെ അദ്ദേഹം അവരോടു ഖേദം പ്രകടിപ്പിച്ചപ്പോൾ അവർ പറഞ്ഞു, ഞങ്ങൾ വന്ന ഉദ്ദേശ്യം ഞങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു. ഭക്ഷണം എല്ലാ ദിവസവും തിന്നുന്നതല്ലേ. ഇപ്പോൾ ഈ പാവപ്പെട്ടവർ നിത്യവും കഴിക്കുന്നതെന്തായിരിക്കും. അവർ പറഞ്ഞു, ഞങ്ങൾ ഇപ്പോൾ തിന്നുകൊണ്ടിരിക്കുന്ന ഭക്ഷണത്തിൽനിന്ന് ആത്മീയ ഫലം നുകരുകയാണ്. അത് നിത്യവും എവിടെനിന്ന് കിട്ടാനാണ്. ബുർക്കിനാ ഫാസോയിലെ ജമാഅത്ത് ഇപ്പോഴും അത്ര പഴക്കമുള്ള ജമാഅത്തൊന്നുമല്ല. ഞാൻ പര്യടനത്തിനു പോയ നേരത്ത് 10,15 വർഷം പഴയ ജമാഅത്തായിരുന്നുവെന്നാണ് ഞാൻ കരുതുന്നത്. ഇപ്പോൾ 30 വർഷം പഴയ ജമാഅത്തായിരിക്കും. പക്ഷേ, ഇവർ ആത്മാർഥതയിലും കൂറിലും സ്നേഹത്തിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടേ പോകുന്നു. ദരിദ്രാവസ്ഥ എന്തായിരുന്നുവെന്നാൽ ധരിച്ചുകൊണ്ടുവന്ന ഒരു ജോടി വസ്ത്രമെ അവർക്കുണ്ടായിരുന്നുള്ളു. അതിലാണ് അവർ നാലുദിവസമോ അഞ്ചുദിവസമോ അല്ലെങ്കിൽ ആഴ്ചയോ കഴിച്ചുകൂട്ടിയത്. പിന്നെ യാത്രയും ചെയ്തു. പൈസ കൂട്ടിക്കൂട്ടി വെച്ചാണ് അവർ ജൽസയിലെത്തിയിരുന്നത്. അത് ഖിലാഫത്ത് ജൂബിലിയുടെ ജൽസയായിരുന്നു. കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യത്തിലായിരുന്നു ജൽസ നടന്നത്. അതുകൊണ്ട് തങ്ങൾക്കിതിൽ പങ്കെടുക്കണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. അത്തരം സ്നേഹം അല്ലാഹുവിനല്ലാതെ ആർക്കാണ് ഉണ്ടാക്കാൻ കഴിയുക? സൈക്കിളിൽ യാത്ര ചെയ്തുവന്ന ഖുദ്ദാമിന്റെ ആത്മാർഥതയും നമുക്ക് ഇതിൽനിന്ന് മനസ്സിലാക്കാം. വിവിധ സ്ഥലങ്ങളിൽ തങ്ങി ഏഴു ദിവസം തുടർച്ചയായി സൈക്കിൾ ചവുട്ടിയാണ് അവർ ഇവിടെ എത്തിയത്. ഈ സൈക്കിളിൽ വന്നവരിൽ 50വും 60വും വയസ്സുള്ളവരും ഉണ്ടായിരുന്നു. 13, 14 വയസുള്ള രണ്ടു കുട്ടികളുമുണ്ടായിരുന്നു. അവിടുത്തെ ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്ർ, 'എങ്ങനെയായിരുന്നു, പ്രയാസങ്ങളുണ്ടായിട്ടുണ്ടാകും അല്ലെ?' എന്ന് ആരോ ചോദിച്ചപ്പോൾ പറഞ്ഞു: 'പ്രാരംഭകാല മുസ്ലിമീങ്ങൾ ഇസ്ലാമിനുവേണ്ടി നിരവധി ത്യാഗങ്ങൾ ചെയ്തിരുന്നു. ഞങ്ങളും ആഗ്രഹിച്ചത് ഞങ്ങളുടെ ഖുദ്ദാമും എല്ലാ തരത്തിലുള്ള ത്യാഗത്തിനും തയ്യാറായിരിക്കണമെന്നാണ്. ഖിലാഫത്തു ജൂബിലിയുമായി ബന്ധപ്പെട്ടുള്ള പരിപാടികളിൽ ഖിലാഫത്തിനോടു ഞങ്ങൾക്കുള്ള ആത്മാർഥതയും കൂറും പ്രകടമാകുന്ന എന്തെങ്കിലും ചെയ്യണമെന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം. കാലത്തിന്റെ ഖലീഫയോടു ഞങ്ങൾ എന്തു ത്യാഗത്തിനും എല്ലാ വെല്ലുവിളികളും നേരിടാനും തയ്യാറാണെ

## ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്ലിം)***

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരുനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്ലിം)**

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

ന്ന് പറയണം. ഈ സൈക്കിൾ സവാരി ആരംഭിച്ചപ്പോൾ അവിടുത്തെ ടി.വി.പ്രതിനിധി അവരോടു ചോദിച്ചു, 'നിങ്ങളുടെ സൈക്കിൾ വളരെ പരിതാപകരമായ അവസ്ഥയിലാണല്ലോ?' ഇവിടുത്തെ യൂറോപ്പിലെ സൈക്കിൾപോലെയല്ല, പൊട്ടിപ്പൊളിഞ്ഞ സൈക്കിളാണ്, 'ഇത് സാധാരണ സൈക്കിളാണ്, ഇതുംകൊണ്ട് എങ്ങനെ ഇത്ര ദീർഘമായ യാത്ര ചെയ്യും? അപ്പോൾ ജമാഅത്തിന്റെ പ്രതിനിധി പറഞ്ഞു: സൈക്കിൾ തകർന്നതാണെന്നത് ശരിതന്നെ. പക്ഷേ, ഞങ്ങളുടെ വിശ്വാസവും ദൃഢനിശ്ചയവും വളരെ വലുതാണ്. ഞങ്ങൾ ഖിലാഫത്ത് എന്ന സമ്മാനം ഞങ്ങൾക്കു നല്കിയതിന് അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ യാത്ര ചെയ്യുന്നത്. നാഷണൽ ടി.വി ഈ വാർത്ത സംപ്രേഷണം ചെയ്തപ്പോൾ ആ വാർത്ത ആരംഭിച്ചതും ഇതു പറഞ്ഞുകൊണ്ടായിരുന്നു. 'അല്ലാഹുവിനുവേണ്ടി ഖിലാഫത്ത് ജൂബിലിയിൽ പങ്കെടുക്കാൻ വാഗായിൽനിന്ന് അക്റായുടെ യാത്ര.' വാഗ ബുർക്കിനാ ഫാസോയുടെ തലസ്ഥാനമാണ്. അക്റാ ഘാനയുടെ തലസ്ഥാനമാണ്. എഴുതി: 'സൈക്കിൾ തകർന്നതാണെങ്കിലും ഈമാൻ വളരെ ശക്തമാണ്.' വാർത്തകൊടുത്തതിന്റെ ശീർഷകം ഇങ്ങനെയായിരുന്നു. ഈ അഹ്മദികൾ ജന്മനാ അഹ്മദികളൊന്നുമല്ല. സ്വഹാബാക്കളുടെ മക്കളുമല്ല. പ്രത്യുത ആയിരക്കണക്കിന് മൈൽ ദൂരത്തുനിന്ന്–ചിലരാണെങ്കിൽ മെറ്റിലോ ടാറോ ചെയ്യാത്ത റോഡുള്ള സ്ഥലത്തുള്ളവരാണ്, ചിലരാണെങ്കിൽ റോഡില്ലാത്ത സ്ഥലത്തുള്ളവരാണ്, ചിലർ വെള്ളത്തിന്റേയോ വൈദ്യുതിയുടേയോ സൗകര്യവുമില്ലാത്ത പ്രദേശത്തുള്ളവരാണ്– കുറച്ചു വർഷംമുമ്പേ അഹ്മദിയ്യത്ത് സ്വീകരിച്ച് പിന്നീട് ആത്മാർഥതയുടേയും കൂറിന്റേയും ഇത്തരം മാതൃക കാണിച്ചവരാണ്. അതു കാണുമ്പോൾ അത്ഭുതം തോന്നുന്നു. ചില സ്ഥലങ്ങളിൽ ദാരിദ്ര്യവും പട്ടിണിയും അവരെ തികച്ചും ദുരവസ്ഥയിലാക്കിയിരിക്കുന്നു. പക്ഷേ, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ സത്യസേവകന്റെ ജമാഅത്തിൽ ചേർന്ന് എങ്ങനെയുള്ള ആത്മാർഥത അവരിൽ ഉണ്ടായിരിക്കുന്നുവെന്നാൽ, ദീനിനെ സംബന്ധിച്ചുള്ള ചോദ്യം ഉയരുന്ന സ്ഥലങ്ങളിൽ അവരുടെ ദൃഢനിശ്ചയം പാറകളെപ്പോലെ ശക്തമാകുന്നു. ഏതു ത്യാഗത്തിനും തയ്യാറാകുന്നു. സ്നേഹംകൊണ്ട് നിറഞ്ഞവരാകുന്നു. അതുകൊണ്ട് എപ്പോഴും നമ്മൾ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്, അല്ലാഹു അവരുടെ ആത്മാർഥതയും കൂറും നമ്മുടെ എല്ലാവരുടേയും ആത്മാർഥതയും കൂറും വർധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ.

ബുർക്കിനോ ഫാസോയിലെ ഒരു സ്നേഹിതനാണ് ഈസാ സാഹിബ്. അദ്ദേഹം പറഞ്ഞു: ഞാൻ 2005 ലാണ് ബയ്അത്ത് ചെയ്തത്. ഇപ്പോൾ മൂന്നു വർഷം ആയല്ലോ എന്നദ്ദേഹത്തോടു ചോദിച്ചപ്പോൾ പറഞ്ഞു, മൂന്നു വർഷമായി, പക്ഷേ, എനിക്ക് ഇന്നാണ് അറിയാൻ കഴിഞ്ഞത് ഞാനാരാണെന്ന്! എത്രമാത്രം ഭാഗ്യവാനാണെന്ന്! ഞാനെന്താണ് പ്രാപിച്ചതെന്ന്! എന്റെ സന്തോഷത്തിന്റെ പ്രകടനം എന്റെ വിവരണത്തിനതീതമാണ്. കാരണം ഞാനിന്ന് കാലത്തിന്റെ ഖലീഫയെ കണ്ടു. കൂടിക്കാഴ്ച നടത്തി. ചിലരുടെ ഖിലാഫത്തിനോടുള്ള സ്നേഹം കണ്ണീരിന്റെ രൂപത്തിൽ അവരുടെ കണ്ണുകളിൽനിന്ന് ഒഴുകുന്നുണ്ടായിരുന്നു. പുതിയതായി രൂപംകൊള്ളുന്ന ജമാഅത്തുകളിലുള്ളത് ഈ ആത്മാർഥയും കൂറുമാണ്.(ഖുത്ബാത്തെ മസ്റൂർ വാള്യം 6, പേജ് 181–186)

കഴിഞ്ഞ വർഷം ഏതോ വഴക്കാളി കാരണത്താൽ ഒരാൾ ഒരു തെറ്റായ ധാരണ പൊക്കിപ്പിടിച്ച് കലഹമുണ്ടാക്കാൻ ശ്രമിച്ചു. ജമാഅത്തിലെ ചില ആത്മാർഥരായവരും, ആത്മാർഥരായ യുവാക്കളുമായിരുന്നു അധികവും അയാളുടെ വലയിൽ വീണത്. അയാളുടെ നടപടി അല്പം വിസ്മയപ്പെടുത്തുന്നതായിരുന്നു. തന്നെ അയാൾ അഹ്മ ദി എന്നാണ് പറഞ്ഞിരുന്നത്. പക്ഷേ, വ്യവസ്ഥിതികളിൽനിന്ന് വേർപെടുകയായിരുന്നു. ഞാൻ മാലിയിൽനിന്ന് ഒരു തദ്ദേശ മുബല്ലിഗ് മുആദ് സാഹിബിനെ അവിടെ അയച്ചു. അദ്ദേഹം അവിടെ പോയി അവർക്ക് മനസ്സിലാക്കി കൊടുത്തു. അവരോടു ചോദിച്ചു, ഒരു ഭാഗത്ത് നിങ്ങൾ പറയുന്നു ഖിലാഫത്തിനോടു നിങ്ങൾക്ക് ബന്ധമുണ്ടെന്ന്. മറുഭാഗത്ത് നിങ്ങൾ ഖിലാഫത്ത് വ്യവസ്ഥിതിയിൽനിന്ന് അകലുന്നു. ഇതു ശരിയല്ല. അപ്പോൾ ഏകദേശം എല്ലാവരും മാപ്പു ചോദിച്ച് കത്തെഴുതാൻ തുടങ്ങി. അവർ പറഞ്ഞു, ഞങ്ങൾ തെറ്റായ ധാരണകൊണ്ടും തർബിയ്യത്ത് കുറവായതുകൊണ്ടുമാണ് ഇവർ പറഞ്ഞ കാര്യത്തിൽപ്പെട്ടുപോയത്. ഞങ്ങൾക്കു ഖിലാഫത്തുമായി തികഞ്ഞ കൂറിന്റെ ബന്ധമാണുള്ളത്. ഖിലാഫത്തിൽനിന്ന് എപ്പോഴെങ്കിലും അകലുക എന്നത് ഞങ്ങൾക്കു ചിന്തിക്കാനെ സാധിക്കുകയില്ല. അങ്ങനെ അവർ വീണ്ടും ദൈവകൃപയാൽ ജമാഅത്ത് വ്യവസ്ഥിതിയുടെ ഭാഗമായി. തർബിയ്യത്തിന്റേ കുറവുകൊണ്ട് വേർപ്പെട്ടതാണ്. ബോധ്യം വരുത്തിയപ്പോൾ ക്ഷണത്തിൽ തങ്ങളുടെ തെറ്റു മനസ്സിലാക്കി. ഖിലാഫത്തിനോടു പൂർണമായ കൂറിന്റെ ബന്ധം പ്രകടിപ്പിച്ചു. അവർ പറഞ്ഞു: വേർപ്പെട്ടപ്പോഴും ഞങ്ങൾ ഖിലാഫത്തിൽനിന്ന് വേർപ്പെട്ടിരുന്നില്ല. ഞങ്ങൾ ചില ഭാരവാഹികളിൽനിന്നാണ് വേർപ്പെട്ടത്. എന്തായാലും ഇതാണ് അവരുടെ കൂറിന്റേയും ആത്മാർഥതയുടേയും നിലവാരം; ബന്ധം. ഇപ്രകാരംതന്നെയായിരുന്നു ഗാംബിയായിൽനിന്ന് വന്നവരുടേയും അവസ്ഥ. ഐവറികോസ്റ്റിൽ നിന്നും ആളുകൾ വന്നിരുന്നു. മറ്റു രാജ്യങ്ങളിൽനിന്നും വന്നിട്ടുണ്ടായിരുന്നു. ഓരോരുത്തരും തങ്ങളുടേതായ രീതിയിൽ ആത്മാർഥതയിലും കൂറിലും അനുരക്തിയിലും വളർന്നിരുന്നു.

ഘാനയിലെ ജൽസയ്ക്കിടയിൽ മുമ്പേയും ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ് ജൽസഗാഹ് മുതൽ ഞങ്ങൾ താമസിക്കുന്ന സ്ഥലംവരെ ദീർഘമായ അകലമായിരുന്നു. അവിടെ അതുവരെ എത്തുന്നതിനുള്ള റോഡ് അല്പം വളഞ്ഞുതിരിഞ്ഞാണ് പോയിരുന്നത്. അതുകൊണ്ട് ഒരു കിലോമീറ്റർ കൂടുതലുണ്ടായിരുന്നു. സ്ത്രീകളും പുരുഷന്മാരും റോഡരികിൽ നില്ക്കുന്നുണ്ടായിരുന്നു. സ്ത്രീകൾ കുട്ടികളെ എടുത്തു നിന്നിരുന്നു. അവരെക്കൊണ്ട് സലാം പറയിച്ചിരുന്നു. അവിടെ സ്നേഹത്തിന്റെ ഒരു പ്രകടനം ഉണ്ടാകുകയായിരുന്നു. സ്നേഹം ഇറ്റുവീഴുന്നുണ്ടായിരുന്നു. ഖിലാഫത്ത് ജൂബിലിയുടെ ജൽസയിൽ സ്ത്രീകളുടെ ഹാജർനില ഏകദേശം അമ്പതിനായിരമായിരുന്നു. എല്ലാവരും ഖിലാഫത്തിനോടു ആത്മാർഥതയും കൂറും പ്രകടിപ്പിച്ചുകൊണ്ടിരുന്നു. അവരുടെ സ്നേഹം അവരുടെ കണ്ണുകളിൽനിന്നും, അവരുടെ പെരുമാറ്റത്തിൽനിന്നും അവരുടെ രൂപങ്ങളിൽനിന്നും അവരുടെ മുഖങ്ങളിൽനിന്നും ഇറ്റുവീണുകൊണ്ടിരുന്നു. ഇവരെല്ലാവരും നമസ്കാരത്തെ എങ്ങനെ സംരക്ഷിക്കണമെന്നും അറിയുന്നവരാണ്. നമസ്കാരങ്ങളിലും തഹജ്ജുദിലും പതിവായി പങ്കെടുത്തിരുന്നു.

നൈജീരിയായിൽ രണ്ടാംവട്ടം പോയപ്പോൾ ബെനിനിൽനിന്ന് റോഡുമാർഗമാണ് പോയത്. അല്ലെങ്കിൽ ഇത് ആദ്യവട്ടംപോയ സംഭവമാണ്. 2004ലെ സംഭവമാണെന്ന് തോന്നുന്നു. എന്തായാലും വഴിയിൽ ഒരു സ്ഥലത്ത് തങ്ങണമായിരുന്നു. ആദ്യം പരിപാടി ഉണ്ടായിരുന്നില്ല. പക്ഷേ, അവർ പറഞ്ഞു, പുതിയ മസ്ജിദ് നിർമിച്ചതാണ്. കണ്ടുപോകാം. അവിടെ ആളുകളുണ്ടായിരുന്നു. അവിടെ ഉണ്ടായിരുന്ന കുട്ടികളുടേയും പുരുഷന്മാരുടേയും ആഗ്രഹം കൈകൊടുക്കണമെന്നതായിരുന്നു. അടുത്തുനിന്ന് കാണണമെന്ന് സ്ത്രീകളും ആഗ്രഹിച്ചിരുന്നു. സമയം കുറവായ കാരണത്താൽ ഹസ്തദാനം സാധ്യമല്ലായിരുന്നു. പക്ഷേ, സമ്മർദം ചെലുത്തി ചെയ്യാവുന്നത് അവർ ചെയ്യുകയും ചെയ്തു. ആ തിരക്കിൽ ഒരു വലിയ സമ്മർദമുണ്ടായി. അപ്പോൾ നമ്മുടെ യാത്രാസംഘത്തിലെ ഒരു സുഹൃത്ത് ഏതോ സ്ത്രീയോടു പിന്നോട്ടു മാറി നില്ക്കാൻ പറഞ്ഞു. ആ സ്ത്രീ വളരെ ദ്വേഷത്തോടെ വന്നു. ദ്വേഷത്തിൽ അയാളെ എടുത്ത് വെളിയിലേക്ക് എറിയുമെന്ന് തോന്നിപ്പോയിരുന്നു. എന്റേയും ഖലീഫയുടേയും ഇടയിൽ തടസമുണ്ടാക്കാൻ താങ്കൾ ആരാണ്? എന്തായാലും ഇത് അവരുടെ വികാരങ്ങളായിരുന്നു. അല്പസമയത്തിനു ശേഷം ഞാൻ അവരോടു നിശബ്ദയാകാനും ഇരിക്കാനും പറഞ്ഞു. അപ്പോൾ അവിടെ നൂറുകണക്കിനുണ്ടായിരുന്ന അഹ്മദികൾ നിശബ്ദരാകുകയും ഇരിക്കുകയും ചെയ്തു. ഇതാണ് അവരുടെ ഖിലാഫത്തുമായുള്ള ബന്ധം. (ഖുത്ബാത്തെ മസ്റൂർ വാള്യം 6, പേജ് 191–192)

അമേരിക്കയെ ലോകം മനസ്സിലാക്കുന്നത് അവിടെ ഭൗതിക ചിന്താഗതിക്കാരാണുള്ളതെന്നാണ്. ദീനിനോടു അവരുടെ ബന്ധം കുറവാണെന്നും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥും(റഹ്) തന്റെ ഒരു സംഭവം വിവരിച്ചിട്ടുണ്ട്; തനിക്കെങ്ങനെയാണ് ഒരിക്കൽ ഒരു ഭീഷണി കത്ത് കിട്ടിയതെന്നു! അതിന് സാധ്യതയുണ്ടായിരുന്നു. അവിടെ അഹ്മദികളായ രണ്ടു സെക്യൂരിറ്റി വിദഗ്ദരുണ്ടായിരുന്നു. കാര്യം പുറത്തറിഞ്ഞപ്പോൾ അവരിരുവരും എത്തുകയും രാത്രിമുഴുവൻ കാവൽനില്ക്കുകയും ചെയ്തു. എന്തായാലും അമേരിക്കക്കാരിലും വലിയ ആത്മാർഥതയുണ്ട്. ഞനെപ്പോഴൊക്കെ അവിടെ പര്യടനത്തിനു പോയിട്ടുണ്ടോ അപ്പോഴൊക്കെ അവർ ആത്മാർഥതയും കൂറും പ്രകടിപ്പിച്ചിട്ടുണ്ട്. ഇവിടേയും അമേരിക്കയിൽനിന്ന് സന്ദർശകസംഘം എത്താറുണ്ട്. അവരും തങ്ങൾക്ക് എങ്ങനെയാണ് ഖിലാഫത്തിനോനോടു ആത്മാർഥതയുടേയും കൂറിന്റെയും ബന്ധമുള്ളതെന്ന് പ്രകടിപ്പിക്കാറുണ്ട്. അവർ കേവലം ഭൗതികതയിൽ കുടുങ്ങിയിട്ടുള്ളവരെല്ലന്ന കാര്യം അവരുടെ കർമങ്ങൾ നിഷേധിക്കുന്നു. ഡ്യൂട്ടി നല്കിയിരുന്ന ചെറുപ്പക്കാർ സ്ഥിരമായി എന്നോടൊപ്പം താമസിച്ച് തങ്ങളുടെ സമയം ചെലവഴിച്ചു. യാത്രയിലും അവർ കൂടെ ഉണ്ടായിരുന്നു. തങ്ങളുടെ വ്യാപാരങ്ങളും ജോലികളും ചിലർ മാറ്റിവച്ചു. അത് അവർ വകവെച്ചില്ല. തങ്ങൾ ജോലിയിൽ കയറിയതേയുള്ളുവെന്ന് ചിലർ പറയുകയുണ്ടായി. അത്തരക്കാരമുണ്ടായിരുന്നു. ജൽസയ്ക്കു അങ്ങയെ കാണാൻ തങ്ങൾക്ക് അവധി കിട്ടാത്തതുകൊണ്ട് തങ്ങൾ ജോലി ഉപേക്ഷിച്ചാണ് വന്ന


**ഹദീഥുന്നബ്വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്‌ലിം)*

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**ഹദീസുന്നബ്വി(സ)**

നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:
'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

തെന്നും ചിലർ പറഞ്ഞു.(ഖുത്ബാത്തെ മസ്റൂർ വാല്യം 10, പേജ് 424)

കനഡയിലെ ഖുദ്ദാമിന്റേയും നിലപാട് ഇതുതന്നെയായിരുന്നു. യുവാക്കളുണ്ട്, കുട്ടികളുണ്ട്, സ്ത്രീകളുണ്ട്. അമേരിക്കയോ കനഡയോ അല്ലെങ്കിൽ യൂറോപ്പിലെ ഏതെങ്കിലും രാജ്യമാകട്ടെ എല്ലായിടത്തും ആത്മാർഥതയുടെയും കൂറിന്റെയും ഈ മാതൃക കാണുന്നുണ്ട്. ഈ ആത്മാർഥതയും കൂറും മനുഷ്യന്റെ പരിശ്രമത്തിന് ഉണ്ടാക്കാൻ സാധിക്കുന്നതല്ല. കുറച്ചു വർഷം മുമ്പേ ജർമനിയിൽ ഞാനൊരു ഖുത്ബ കൊടുത്തിരുന്നു. അതിൽ ഖിലാഫത്തിനോടുള്ള അനുസരണവും കൂറും എന്ന വിഷയമാണ് പ്രതിപാദിച്ചത്. അത് ജർമനിക്കാർക്കുവേണ്ടി മാത്രമുള്ളതായിരുന്നില്ല. മറിച്ച് എല്ലാവർക്കുംവേണ്ടിയുള്ളതായിരുന്നു. അങ്ങനെയാണ് വേണ്ടതും. പക്ഷേ, അവിടുത്തെ അവസ്ഥയെ മുൻനിറുത്തി ജർമനിയുടെതന്നെ ചില ഉദാഹരണങ്ങൾ ഞാൻ നല്കിയിരുന്നു. അതിൽ ലോകം മുഴുവനുമുള്ള അഹ്മദികൾ നല്ല പ്രതികരണം കാണിച്ചു. ക്ഷണത്തിൽ ഖിലാഫത്തിനോടുള്ള പൂർണമായ അനുസരണവും തികഞ്ഞ കൂറും പ്രകടിപ്പിച്ചു. ജർമനിക്കാരും അതേപോലെതന്നെ പ്രകടിപ്പിച്ചു. തങ്ങളിൽനിന്നുള്ള ചില ഔദ്യോഗിക ഭാരവാഹികൾ ചില നിർദേശങ്ങൾക്ക് വ്യാഖ്യാനം നല്കാറുണ്ടെന്നും ന്യായീകരികരണം തുടങ്ങാറുണ്ടെന്നും ഭാവിയിൽ ഇൻശാഅല്ലാഹ് അങ്ങനെ ഉണ്ടാകുകയില്ലെന്നുമുള്ള കാര്യവും ജർമനി പ്രത്യേകം പ്രകടിപ്പിച്ചിരുന്നു. അവർ അതിൽ നിലകൊള്ളാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ദുൻയാവിലെ എല്ലാ രാജ്യത്തും അത് നിലനില്ക്കുമാറാകട്ടെ.(ഖുത്ബാത്തെ മസ്റൂർ വാല്യം 12, പേജ് 369)

ഉർദനിൽനിന്നുള്ള ഖാസിം സാഹിബെഴുതുന്നു: "ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള ഏറ്റവും മനോഹരവും മഹത്തായതുമായ തെളിവ് അല്ലാഹു ഖിലാഫത്തിനോടുള്ള സ്നേഹവും അനുസരണവും എന്റെ മനസ്സിൽ അവൻതന്നെ ഉണ്ടാക്കിയെന്നതാണ്. അദ്ദേഹം പറയുന്നു, കുറച്ചുവർഷം മുമ്പേ ഞാൻ ബയ്അത്തു ചെയ്യാൻ തീരുമാനിച്ചപ്പോൾ യഥാർഥത്തിൽ ജമാഅത്ത് ഇപ്പോഴും സത്യത്തിൽത്തന്നെയാണോ എന്ന വിചാരം എന്റെ മനസ്സിലുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നതിന്റെ ഉദ്ദേശ്യത്തിൽ നിലകൊള്ളുന്നുണ്ടോ? ആ സമയം വരെ എനിക്ക് ഖിലാഫത്തിനെകുറിച്ച് വിവരമൊന്നുമുണ്ടായിരുന്നില്ല. അപ്പോൾ അല്ലാഹു സ്വപ്നത്തിൽ എനിക്കു കാണിച്ചു, ഖലീഫത്തുൽ മസീഹ് സമാധാനവും ശാന്തിയും പ്രചരിപ്പിക്കുകയും വഴക്കും കലഹവും ഉണ്ടാക്കുന്നവർക്കിടയിൽ വിധി നടത്തുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നു, 'ഞാനെന്റെ കൈ അവിടത്തെ കൈയിൽവെച്ചു.' ഈ കത്ത് അദ്ദേഹം എനിക്ക് എഴുതുകയാണ്. 'മോതിരത്തെ മുത്തി. ആ നേരത്തു ഞാൻ അങ്ങയുടെ വാത്സല്യവും ദയയും അനുഭവിച്ചു. എന്റെ മനസ്സിൽ അങ്ങയോടു അസാധരണമായ സ്നേഹം ഉണ്ടായി. അത് നിത്യവും വർധിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ബയ്അത്ത് പുതുക്കി ചെയ്യാനാഗ്രഹിക്കുന്നു. അങ്ങയുടെ അനുസരണ വൃത്തത്തിൽനിന്ന് പുറത്തുപോകുന്ന എല്ലാ ആളുകളിൽനിന്നും ജാഗ്രത പ്രകടിപ്പിക്കുന്നു.'(ബ്രിട്ടൺ ജൽസസാലാന 2017 രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് ചെയ്ത പ്രസംഗം, അൽഫള്ൽ ഇന്റർനാഷണൽ 2018 ഏപ്രിൽ 6, പേജ് 15)

പിന്നീട് ബൽഗേറിയ(Bulgaria)ആണ്. അവിടെ നമ്മുടെ എതിരാളികൾ എതിർപിന്റെ ഒരു ഭാഗവും വിട്ടുകളഞ്ഞില്ല. എല്ലാം പ്രയോഗിച്ചു. ഇപ്പോൾ ഒരുപാട് കാലത്തിനുശേഷം ജമാഅത്ത് രജിസ്ട്രേഡ് ആയി. ഒരിക്കൽ രജിസ്ട്രേഷൻ ക്യാൻസലായിരുന്നു. ചില അഹ്മദി സഹോദരങ്ങൾക്ക് പ്രലോഭനങ്ങൾ നീട്ടി അവരോടു ജമാഅത്തിനെ നിഷേധിക്കാൻ ബൽഗേറിയായിലെ മുഫ്തീ പറഞ്ഞു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ അഹ്മദികളും ഈമാനിൽ അടിയുറച്ചുനിന്നുവെന്ന് മാത്രമല്ല പ്രത്യുത മുമ്പേയുള്ളതിനെക്കാളുപരി ആത്മാർഥതയുടെ മാതൃക കാണിക്കുകയും അഹ്മദിയ്യാ ഖിലാഫത്തിനോടു കൂറിന്റെ ബന്ധം സ്ഥാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.' ഒരു സ്ത്രീയുണ്ട്. അവരുടെ അടുക്കൽ മൂന്നുപേർ ചെന്നു. ജമാഅത്തിനെ നിഷേധിക്കാനും തങ്ങളോടൊപ്പം ചേർന്നാൽ സഹായിക്കാമെന്നും പറഞ്ഞു. ആ സ്ത്രീ, ആ യോധി വളരെ ശക്തമായി പറഞ്ഞു: 'അഹ്മദിയ്യത്ത് സത്യമാണ്. ഞാനെന്റെ ഖലീഫയെ കണ്ടിട്ടാണ് വരുന്നത്. എല്ലാത്തിനെക്കാളുമുപരി എനിക്ക് അല്ലാഹു മൂന്നുനാലു സ്വപ്നങ്ങളും കാണിച്ചുതന്നു. ഈ ജമാഅത്ത് സത്യമാണെന്ന് പറയുകയും ചെയ്തു. അതുകൊണ്ട് ഇനി അതുപേക്ഷിക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല.(സമാപനം പ്രഭാഷണം, ജൽസസാലാന ജർമനി 2013 ജൂൺ 30, അൽഫള്ൽ ഇന്റർ നാഷണൽ, വാല്യം 20, ലക്കം 44, 2013 നവംബർ 1. പേജ് 14)

ബെനിനിലെ മുബല്ലിഗ് എഴുതുന്നു: പുതിയതായി ബയ്അത്തു ചെയ്തവർക്കു(നൗ മുബായിയീൻ) വേണ്ടി സംഘടിപ്പിച്ച ജൽസയിൽ ഒരു നവഅഹ്മദി റസ്സാഖ് സാഹിബ് നൗമുബായിയീനെ പ്രതിനിധാനം ചെയ്ത് പറഞ്ഞു: ഭൗതിക വ്യവസ്ഥിതികളിൽ ആർക്കെങ്കിലും പ്രശ്നമുണ്ടെങ്കിൽ അയാൾ പരിഹാരത്തിന് ചീഫിന്റെ അടുക്കൽ പോകുന്നു. കാര്യം നടന്നില്ലെങ്കിൽ തഹ്സീൽദാറുടെ അടുക്കൽ പോകുന്നു. പിന്നീട് മേയറുടെ അടുക്കൽ പോകുന്നു. പിന്നെ മന്ത്രിയുടെ അടുക്കൽ പോ കുന്നു. പിന്നെ പ്രസിഡന്റിന്റെ അടുത്തുപോകുന്നു. അദ്ദേഹവും നിങ്ങളുടെ കാര്യം കേൾക്കുമോ എന്നറിയില്ല. പക്ഷേ അഹ്മദിയ്യാ ജമാഅത്തിന്റെ വ്യവസ്ഥിതി അതിശ്രേഷ്ഠമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ അടുത്ത് ഖലീഫയുണ്ട്. അദ്ദേഹം എല്ലാവരും പറയുന്നത് മനസ്സിലാക്കുന്നു. എല്ലാ വർഗക്കാരായും വർണക്കാരേയും അനുഗ്രഹിക്കുന്നു. ഞങ്ങൾ ഖുർആൻ പഠിക്കാൻ തുടങ്ങിയെന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ അനുഗ്രഹമാണ്. നബി(സ)തിരുമേനികൊണ്ടുവന്ന ആ ഇസ്ലാം ഇന്ന് ഞങ്ങൾവരെ എത്തിയിരിക്കുന്നു.

ഫ്രാൻസിൽനിന്ന് ലയ്ലാ സാഹിബ പറയുന്നു: 'ഞാൻ 2017 ലാണ് ബയ്അത്ത് ചെയ്തത്. എന്റെ ജീവിതത്തെ മാറ്റിമറിച്ച അങ്ങയുടെ കത്ത് എല്ലാ ദിവസവും രാവിലെ വായിക്കാറുണ്ട്. അങ്ങയുടെ സംരക്ഷണത്തിനും പിന്തുണയ്ക്കും സഹായത്തിനും വേണ്ടി എല്ലാ നമസ്കാരങ്ങളിലും ദുആകൾ ചെയ്യുന്നു.' ഈ ദുആ ചെയ്യാനുള്ള പദ്ധതിയും അല്ലാഹുവിൽനിന്ന് ഉണ്ടായിട്ടുള്ളതാണ്. ബയ്അത്തിനുശേഷം ഒരു പുതിയ മനുഷ്യനായിരിക്കുന്നു.'

മാലയിലെ സാൻ(SAN) റീജ്യണിലെ മുബല്ലിഗ് എഴുതുന്നു: നമ്മുടെ ഒരു ജമാഅത്തായ വോളോനിലെ(wolon)ഒരു അംഗമാണ് അബുദുർറഹ്മാൻ കോലെബാലി സാഹിബ്. അദ്ദേഹം മരിച്ചുപോയി. അദ്ദേഹം കുറച്ചുകാലം മുമ്പേ തന്റെ കുട്ടികളെയെല്ലാം വിളിച്ചുകൂട്ടി വസ്വിയ്യത്തു ചെയ്തു. ഞാൻ യുവാവായിരുന്നെങ്കിൽ, നടക്കാനും കറങ്ങാനും കഴിഞ്ഞിരുന്നെങ്കിൽ ജമാഅത്തിന്റെ മിഷനിൽ പോയി ഇരിക്കുമായിരുന്നു. ജമാഅത്ത് എനിക്ക് എന്തു ജോലി തന്നാലും ചെയ്യുമായിരുന്നു. അതിനോടൊപ്പം അദ്ദേഹം കുട്ടികളെ ഉപദേശിച്ചു, എന്റെ രണ്ടുമാസത്തെ ചന്ദ കൊടുക്കാനുണ്ട്. എനിക്ക് എന്റെ ജീവിതത്തെ കുറിച്ചറിയില്ല. പക്ഷേ, അത് തീർച്ചയായും കൊടുക്കണം. കടക്കാരനായിക്കൊണ്ട് ഈ ലോകത്തുനിന്ന് വിട പറയാൻ പാടില്ല. മൂന്നാമതായി അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചു: ഖിലാഫത്തിനോടു കൂറു പുലർത്തിക്കൊണ്ടിരിക്കണം. അതിനോടു നന്ദികേട് കാണിക്കരുത്. എപ്പോഴും ചന്ദ കൊടുത്തുകൊണ്ടിരിക്കണം.

ഗാംബിയായിലെ അമീർ സാഹിബ് എഴുതുന്നു: റഹ്മത്ത് ജാലൂ സാഹിബ ബയ്അത്തു ചെയ്തു. അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യാൻ അവരോടു പറഞ്ഞപ്പോൾ അവർ ആ സമയത്തു തന്നെ 100 ഡലാസി നല്കി. അവരുടേത് ചെറിയൊരു കടയാണ്. തന്റെ കഴിവിനെക്കാളധികം ചന്ദ കൊടുക്കുന്നു. അവർ പറഞ്ഞു: ഞാൻ അല്ലാഹുവിന്റേയും അവന്റെ ഖലീഫയുടേയും മാത്രം സ്നേഹമാണ് ആഗ്രഹിക്കുന്നത്. ഈ ബന്ധവും സ്നേഹവും കാരണത്താലാണ് ഞാൻ നല്കുന്നത്. അല്ലാഹുവിനുവേണ്ടി ത്യാഗം ചെയ്യുന്നത്.

താജിക്കിസ്താനിലെ സ്നേഹിതനാണ് ഇസ്സത്ത് അമാൻ സാഹിബ്. അദ്ദേഹം പറയുന്നു: എന്റെ മാതാവിന് 70 വയസ്സായപ്പോൾ കഠിനമായ രോഗം ബാധിച്ചു. ആദ്യമെതന്നെ വർഷങ്ങളായി ഹൃദ്രോഗവും മാനസികമായ സംഘർഷവും ഉണ്ടായിരുന്നു. പക്ഷേ, ഈ രോഗം വന്നതോടെ വളരെ ക്ഷീണിതയായി. ഡോക്ടർ പറയുന്നത് കേട്ട് ബന്ധുക്കളായ ഞങ്ങളിൽ നിരാശ പരന്നു. അദ്ദേഹം പറയുന്നു: ഖലീഫത്തുൽ മസീഹുമായുള്ള കൂടിക്കാഴ്ചകളും ബന്ധവും കാരണത്താൽ ദുആയ്ക്കുവേണ്ടി അപേക്ഷിച്ചാൽ തീർച്ചയായും സ്വീകരിക്കപ്പെടുമെന്ന് എനിക്കു ദൃഢവിശ്വാസമുണ്ടായിരുന്നു. അദ്ദേഹം പറയുന്നു, ഞാനെഴുതിയപ്പോൾ ദുആയ്ക്കൊപ്പം ഹോമിയോ മരുന്നും എനിക്കു കിട്ടി. എന്റെ മാതാവ് സുഖം പ്രാപിച്ചു. തന്റെ മാതാവിന് 79 വയസ്സുണ്ടെന്ന് പറഞ്ഞ് എഴുതിയനേരത്ത് അവർ ഹജ്ജു ചെയ്യാനാഗ്രഹിച്ചിരുന്നു. മാതാവിന് വീണ്ടും ജീവിതം നല്കിയത് ഖിലാഫത്തിനോടുള്ള ബന്ധവും കാലത്തിന്റെ ഖലീഫയുടെ ദുആയുമാണ്.

അല്ലാഹു ഈമാനും ദൃഢജ്ഞാനവും ഉണ്ടാക്കുന്നതിനുവേണ്ടി അത്തരം ദൃശ്യങ്ങളും കാണിക്കാറുണ്ട്; താൻ അല്ലാഹുവിൽനിന്നുള്ള ആളാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് സത്യമായിരുന്നുവെന്ന് തെളിയിക്കുന്നതിനുവേണ്ടി.

ഒരു കുട്ടിക്ക് ഖിലാഫത്തിനോടുള്ള സ്നേഹത്തിന്റെ സംഭവം ത്വാഹിർ നദീം സാഹിബ് എഴുതുന്നു: തുർക്കി പര്യടനത്തിന്നിടയിൽ ഒരു അഹ്മദി സ്നേഹിതന്റെ വീട്ടിൽ പോകാനിടയായി. ഇരുന്നതേയുള്ളു, മൂന്നു നാലു വയസ്സുള്ള അദ്ദേഹത്തിന്റെ മകൻ വന്നു. സലാം ചൊല്ലി എന്റെ ചെവിയിൽ തനിക്ക് ഖലീഫക്ക് കത്തെഴുതണമെന്ന് പറഞ്ഞു. താങ്കൾ കൊണ്ടുപോകുമോ? കൊണ്ടുപോകാമെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ആ കുട്ടി കടലാസിൽ രണ്ടു ലൈനിലായി തിരിച്ചും മറിച്ചും വരച്ചു കൊണ്ടുവന്നു. എന്താണ് എഴുതിയതെന്ന് ഞാൻ ചോദിച്ചപ്പോൾ പറഞ്ഞു, 'ഹുദൂറിനോടു എനിക്ക് സ്നേഹമാണ്.' ഞാൻ ആ കത്ത് ഇവിടെ കൊടുത്തു. അതിന്റെ മറുപടിയും ഞാൻ അയച്ചു. ആ കുട്ടിയ്ക്ക് മറുപടി കിട്ടിയപ്പോൾ അവന്റെ പിതാവ് പറയുന്നു, അവനും വീട്ടുകാർക്കുമെല്ലാം ഉണ്ടായ സന്തോഷം കാണേണ്ടതു തന്നെയായിരുന്നു.'

ഇപ്രകാരംതന്നെ മറ്റൊരു കുട്ടിയുടെ സംഭവമുണ്ട്. മെസിഡോണിയായിലെ ഇൻചാർജ് മുബല്ലിഗ് എഴുതുന്നു: കഴിഞ്ഞ ദിവസം ബോസ്നിയൻ പര്യടനത്തിന്നിടയിൽ ഒരു സ്നേഹിതനെ പരിചയപ്പെട്ടു. പാക്കിസ്താനിയായിരുന്നു. തബ്ലീഗ് സംസാരം നടന്നു. പിന്നീട് കൂടിക്കാഴ്ചകളും നടന്നുകൊണ്ടിരുന്നു. കുറച്ചുകാലം മുമ്പേ ദുബായ് എയർപ്പോർട്ടിൽ ഒരു കുടുംബവുമായി അദ്ദേഹത്തിന്റെ കൂടിക്കാഴ്ച നടന്നിരുന്നുവെന്ന് പറഞ്ഞു. അവരുടെ മൂന്നോ നാലോ വയസ്സുള്ള മകൾ പറഞ്ഞു, നമ്മളെല്ലാവരും നമസ്കരിക്കേണ്ടതാണ്. സത്യം പറയേണ്ടതാണ്. ഈ കുടുംബത്തിന്റെ ബന്ധം അഹ്മദിയ്യാ ജമാഅത്തുമായിട്ടാണെന്ന് ഞാനറിഞ്ഞപ്പോൾ ഞാൻ ആ കുട്ടിയോടു ചോദിച്ചു, മോളുടെ ഏറ്റവും വലിയ ആഗ്രഹമെന്താണ്? അവൾ പറഞ്ഞു: 'ലണ്ടനിൽ പ്രിയപ്പെട്ട ഹുദൂറിനെ കാണാൻ ആഗ്രഹിക്കുന്നു.' അദ്ദേഹം പറയുന്നു, ഇക്കാര്യം എന്നെ വല്ലാതെ സ്വാധീനിച്ചു. ഇത്ര ചെറിയ പ്രായമാണ്, പക്ഷേ, അവളുടെ വലിയ ആഗ്രഹം ഖലീഫയെ കാണുക എന്നതാണ്.'

ഈയിടെ കുട്ടികളുടെ ഒരു ഗയിം ഇറങ്ങിയിരുന്നു. അപ്പോൾ അതു കാണരുതെന്നും അതുമു

ഖേന കുട്ടികളിൽ ചീത്ത ശീലമുണ്ടാകുമെന്നും പറഞ്ഞ് ഞാൻ തടഞ്ഞു. എങ്ങനെ കുട്ടികളെ തടയുമെന്നോർത്ത് മാതാപിതാക്കൾ വിഷമത്തിലായി. എന്നാൽ, അങ്ങയുടെ ഖുത്ബ കേട്ടതിനു ശേഷം 'ഇപ്പോൾ ഖലീഫ കളിക്കരുതെന്ന് പറഞ്ഞിരിക്കുന്നു, അതുകൊണ്ട് തങ്ങൾ ഗയിം കളിക്കുന്നില്ലെന്ന് ഇങ്ങോട്ടുവന്ന് കുട്ടികൾ പറഞ്ഞിരിക്കുന്നുവെന്ന് അറിയിച്ചുകൊണ്ടുള്ള ധാരാളം മാതാപിതാക്കളുടെ കത്തുവരികയുണ്ടായി. ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. ഈ കളി ഇത്രനേരമിരുന്ന് കളിക്കാൻ കഴിയുമോ എന്ന് ആളുകൾ എഴുതുന്നു. അതായത് അവരിൽ ഒരു ബോധമുണ്ട്. കാലത്തിന്റെ ഖലീഫയുമായുള്ള ബന്ധം കാരണത്താൽ നമ്മൾ വഞ്ചിക്കാൻ പാടില്ല. ഖലീഫത്തുൽ മസീഹ് നമ്മുടെ ഉയർച്ചയ്ക്കുവേണ്ടി ആഗ്രഹിക്കുന്ന ജോലികൾ നമ്മൾ ചെയ്യേണ്ടതാണ്.

ഹോൻഡുറാസിലെ മുബല്ലിഗ് എഴുതുന്നു: ഒരു തദ്ദേശ അഹ്മദിയാണ് 'പ്രസിമോരിയോ.' വിവിധ പ്രശ്നങ്ങൾ അദ്ദേഹത്തെ അലട്ടിയിരുന്നു. അദ്ദേഹത്തിന്റെ അവസ്ഥകൾ കണ്ട് ഞാൻ പറഞ്ഞു, നിങ്ങളുടെ പ്രയാസങ്ങൾ പറഞ്ഞ് കാലത്തിന്റെ ഖലീഫയ്ക്ക് കത്തെഴുതുക. അദ്ദേഹം കത്തെഴുതിയപ്പോൾ പറയുന്നു, അദ്ദേഹത്തിന്റെ ഭൂരിഭാഗം പ്രശ്നങ്ങളും സ്വയമേവ പരിഹരിക്കപ്പെട്ടു തുടങ്ങി. അദ്ദേഹം പറയുന്നു: 'അതുമുഖേന എനിക്കൊരു അദൃശ്യ ശക്തി ലഭിച്ചു. ഖിലാഫത്തിനോടുള്ള എന്റെ ദൃഢവിശ്വാസവും ഉറപ്പും വർധിച്ചു.'

മൊറോക്കോയിൽനിന്ന് അഫാരീ സാഹിബ് എഴുതുന്നു: എന്റെ മനസ്സിനേയും ജീവിതത്തേയും റഹ്മത്തും ബർക്കത്തുംകൊണ്ട് അങ്ങ് പ്രശോഭിതമാക്കി. അല്ലഹുവിന് നന്ദി. അവൻ എനിക്കു സന്മാർഗം നല്കി. എനിക്ക് അങ്ങയെ കണ്ട് ലഹരിപിടിച്ചതുപോലെ തോന്നുന്നു. ഒരു വിസ്മയകരമായ അനുഭവമുണ്ടാകുന്നു. ഞാൻ ഒരിക്കലും അങ്ങയോടൊപ്പം ഇരുന്നിട്ടില്ല, സംസാരിച്ചിട്ടുമില്ല. തീർച്ചയായും ഇതു അല്ലാഹു പ്രദാനം ചെയ്തതും സത്യസന്ധമായ സ്നേഹവുമാണ്. അല്ലാഹു അങ്ങയെ സഹായിക്കുകയും തുണയ്ക്കുകയും ചെയ്യുമാറാകട്ടെ.

യമനിൽനിന്നുള്ള ഈമാൻ സാഹിബ് പറയുന്നു: എനിക്ക് ഹുദൂറിനോട് എന്നെക്കാളും എന്റെ മക്കളെക്കാളും എന്റെ കുടുംബക്കാരെക്കാളും സകല ആളുകളെക്കാളും കൂടുതൽ സ്നേഹമാണ്. ഇതുമുഖേന എന്റെ മനസ്സിന് സമാധാനവും സന്തോഷവും ലഭിക്കുന്നു. അവസ്ഥകളെല്ലാം നന്നായിതീരുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗവും അതിനു ശേഷം ഖിലാഫത്തും സ്ഥാപിതമായത് തകർന്നതൊക്കെ നന്നാക്കാനാണ്. നമ്മുടെ നിരാശപൂണ്ട മനസ്സുകളിൽ പ്രതീക്ഷ ഉണ്ടാക്കാനാണ്. ഭൗതികമായി എന്റെ അവസ്ഥ നബി(സ)തിരുമേനി പറഞ്ഞതുപോലെയാണ്; 'അല്ലാഹുവേ! നീ ഞങ്ങളെ വെറുക്കുന്നില്ലെങ്കിൽ മറ്റൊരു കാര്യവും ഞങ്ങൾക്കു പ്രശ്നമല്ല. അങ്ങ് സ്നേഹിക്കുകയും ഏതൊരുവരുടെ ദാമ്പത്യജീവിതത്തിലാണോ അങ്ങ് സന്തോഷിക്കുകയും ചെയ്യുന്നത് അവരിൽ ഉൾപ്പെടണേ എന്നതാണ് എന്റെ പ്രാർഥന.'

ടുണീഷ്യയിൽനിന്ന് തൗഫീഖ് സാഹിബ് എഴുതുന്നു: ഞങ്ങൾക്ക് അങ്ങയോടു സ്നേഹമുണ്ട്. ഞങ്ങൾ അങ്ങയുടെ വഞ്ചിയിൽ സഞ്ചരിക്കുകയാണ്. അതിൽ ശിക്ഷണം നേടുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അരുവിയിൽനിന്ന് തിന്നുകയും കുടിക്കുകയും ചെയ്തു. ഞങ്ങൾ ഞങ്ങളുടെ പ്രതിജ്ഞയിൽ ഉറച്ചു നിൽക്കുന്നു. അങ്ങയുമായി ചേർന്നു നില്ക്കാതെ ഞങ്ങളുടെ പരിഷ്കരണം നടക്കുകയില്ല. ഞങ്ങൾ ലോകം ആഗ്രഹിക്കുന്നില്ല. ഇന്നയാൾ ഈ പരിശുദ്ധ ജമാഅത്തിനെ പിൻപറ്റിയ കാരണത്താൽ വിജയിച്ചു എന്നു ഞങ്ങളെ കുറിച്ച് പറയണമെന്ന ഒരേയൊരു ആഗ്രഹമെ ഞങ്ങൾക്കുള്ളു. പ്രതിജ്ഞയിൽ നിലകൊള്ളുന്നതിനും അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനും തൗഫീഖ് കിട്ടണം. മുസ്‌ലിമീങ്ങളുടെ ഐക്യത്തിനുവേണ്ടി ദുആയ്ക്ക് അപേക്ഷിച്ചുകൊള്ളുന്നു.

ജനഹൃദയങ്ങളിൽ ആത്മാർഥതയും അനുസരണയോടുകൂടിയ ബന്ധവും അല്ലാഹുവാണ് ഉണ്ടാക്കുന്നതെന്നും ഒരു ഭൗതികശക്തിക്കും അത് തട്ടിയെടുക്കാൻ സാധിക്കുകയില്ലെന്നും തെളിയിക്കുന്ന ചില ഉദാഹരണങ്ങളാണിവിടെ സമർപിച്ചത്. 'അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ പൂർത്തിയാകുന്നത് നിങ്ങൾ കാണുമാറാകും' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. അല്ലാഹുവിന്റെ ആ വാഗ്ദാനങ്ങൾ പൂർത്തിയാകുന്നത് കാണുവാൻ നമ്മളിൽ കൂടുതൽ പേർക്കും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.

ഇനി എം.ടി.എ കുറിച്ചും ഞാനൊരു വിളംബരം ചെയ്യാനാഗ്രഹിക്കുകയാണ്. ഇതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ലോകത്ത് പ്രചരിക്കുമെന്നതിനെ കുറിച്ചുള്ള അല്ലാഹുവിന്റെ ഒരു വാഗ്ദാനമാണ്. എന്തായാലും മെയ് 27 മുതൽ, അതായത് ഖിലാഫത്ത് ദിനത്തോടെ ഒരു പുതിയ ക്രമീകരണത്തോടുകൂടി ഈ ചാനൽ ആരംഭിച്ചിരിക്കുകയാണ്. അതിന്റെ വിശദീകരണം ഞാൻ പറഞ്ഞു തരാം. ആരംഭത്തിൽ ചില സ്ഥലങ്ങളിൽ അമേരിക്കയിൽ പ്രത്യേകമായും കുറച്ചു പ്രയാസങ്ങളുമുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ അത് പരിഹരിച്ചിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. എന്തായാലും ഈ വ്യവസ്ഥിതിയോടുകൂടി ആരംഭിച്ചിരിക്കുകയാണ്. ഞാൻ കുറച്ചു കാര്യങ്ങൾ പറയാം. വിവിധ റീജ്യണുകളുടെ അടിസ്ഥാനത്തിൽ എം.ടി.എ എട്ടു ചാനലുകളിൽ വിഭജിക്കപ്പെട്ടിരിക്കുകയാണ്. എം.ടി.എ 1– ഈ ചാനൽ പൊതുവെ യു.കെ യിലേയും യൂറോപ്പിലെ ചില പ്രദേശങ്ങളിലേയും പ്രേക്ഷകർക്കുവേണ്ടിയുള്ളതായിരിക്കും. ഈ ചാനലിലെ പ്രധാന ഭാഷ (main language)ഇംഗ്ലീഷും ഉർദുവുമായിരിക്കും. ഈ ചാനലിൽ ഇംഗ്ലീഷ് ഉർദു പരിപാടികൾ സംപ്രേഷണം ചെയ്യുന്നതായിരിക്കും. ഇപ്രകാരംതന്നെ മറ്റുഭാഷകളിലുള്ള ചില പരിപാടികളും ഇംഗ്ലീഷ് ഉർദു തർജമയോടുകൂടി സംപ്രേഷണം ചെയ്യുന്നതായിരിക്കും. എന്റെ തൽസമയ പുതിയ റക്കോർഡഡ് പരിപാടികളും ഇതേ ചാനലുകളുടെ പ്രോഗ്രാം MTA 1 വേൾഡ് എന്ന നിലയിൽ മറ്റുള്ള എല്ലാ ചാനലുകളിലും സംപ്രേഷണം ചെയ്യുന്നതായിരിക്കും.

MTA 2 യൂറോപ്പ്– ഈ ചാനൽ യൂറോപ്പിലേയും മിഡിൽ ഈസ്റ്റിലേയും പ്രേക്ഷകർക്കുവേണ്ടി യുളളതായിരിക്കും. ഇതിൽ ഉർദു, ഇംഗ്ലീഷ്, ടർക്കിഷ്, ഫ്രഞ്ച്, സ്പാനിഷ്, ജർമൻ, ഡച്ച്, റഷ്യൻ, പേർസ്യൻ ഭാഷകളിലുള്ള പരിപാടികൾ സംപ്രേഷണം ചെയ്യുന്നതായിരിക്കും. ഇതിൽ ഈ നേരത്ത് വിവിധ ഭാഷകളിലുള്ള പരിപാടികൾ ഈരണ്ടു മണിക്കൂർ നടന്നു വരുന്നുണ്ട്. ഉപര്യുക്ത ഭാഷകളിലെ പ്രോഗ്രാമുകൾ ഇതേപോലെ വർധിപ്പിക്കുന്നതായിരിക്കും.

MTA 3 അൽ അറബിയ്യ– ഈ ചാനൽ ഇപ്പോൾ നടന്നുവരുന്നതുപോലെതന്നെ തുടർന്നും നടക്കുന്നതായിരിക്കും. ഈ ചാനലിന്റെ മെയിൻ (MAIN) ഭാഷ അറബിയായിരിക്കും.

MTA 4 ആഫ്രിക്ക–ഈ ചാനൽ പൂർവാഫ്രിക്കയിലേയും പശ്ചിമാഫ്രിക്കയിലേയും രാജ്യങ്ങളിലുള്ള പ്രേക്ഷകർക്കു വേണ്ടിയായിരിക്കും. ഈ ചാനലിലെ മെയിൻ(MAIN)ഭാഷകൾ ഇംഗ്ലീഷ്, ഫ്രഞ്ച്, സവാഹിലി എന്നിവയായിരിക്കും. ഈ ഭാഷകളിലുള്ള പരിപാടികൾ ഈ ചാനലിൽ സംപ്രേഷണം ചെയ്യുന്നതായിരിക്കും.

MTA 5 ആഫ്രിക്ക–ഈ ചാനൽ പശ്ചിമാഫ്രിക്കൻ രാജ്യങ്ങളിലെ പ്രേക്ഷകർക്കുവേണ്ടിയായിരിക്കും. ഈ ചാനലിന്റെ മെയിൻ(MAIN)ഭാഷ ഇംഗ്ലീഷായിരിക്കും. ഇതിനു പുറമെ കരിയോൾ, ഹാഉസാ, ചോഈ, യൂറോബ ഭാഷയിലുള്ള പരിപാടികളും സംപ്രേഷണം ചെയ്യുന്നതായിരിക്കും.

MTA 6 ഏഷ്യാ–ഈ ചാനൽ ഏഷ്യാസാറ്റിലായിരിക്കും. ഏഷ്യാ, ഫാർഈസ്റ്റ്, ഇന്തൊനേഷ്യാ, ജപ്പാൻ, ആസ്ത്രേലിയ, ന്യൂസിലാന്റ്, റഷ്യ തുടങ്ങിയ രാജ്യങ്ങളിലെ പ്രേക്ഷകർക്കുവേണ്ടി ആയിരിക്കുമിത്. ഈ ചാനലിലെ മെയിൻ(MAIN) ഭാഷകൾ ഉർദു ഇംഗ്ലീഷ്, ഇന്തൊനേഷ്യൻ എന്നിവയായിരിക്കും. ഇതിൽ ഉർദു, ഇംഗ്ലീഷ്, ബംഗാളി, പുശ്തു, സിന്ധി, സറായേകി, ഫാർസി, ഇന്തൊനേഷ്യൻ, റഷ്യൻ ഭാഷകളിലെ പരിപാടികൾ സംപ്രേഷണം ചെയ്യുന്നതായിരിക്കും. ആദ്യമെതന്നെ ഇങ്ങനെയാണ് നടന്നുവരുന്നത്. പക്ഷേ, സമയത്തിന്റെ കണക്കനുസരിച്ച് അവയെ ഇപ്രകാരം അല്പം വിഭജിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രാജ്യങ്ങൾക്ക് ആ പരിപാടികൾ കിട്ടികഴിഞ്ഞിട്ടുണ്ടാകും.

MTA 7ഏഷ്യാ–ഇത് HD ചാനലാണ്. ചെറിയ ഡിഷിൽ കാണുന്നതായിരിക്കും. ഇത് ഇന്ത്യാ, പാ ക്കിസ്താൻ, ബംഗ്ലാദേശ്, ശ്രീലങ്ക, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിലെ പ്രേക്ഷകർക്കുവേണ്ടിയുള്ളതായിരിക്കും. ഈ ചാനലിലെ ഭാഷകൾ ഉർദു, ബംഗാളി, ഹിന്ദി തുടങ്ങിയവയായിരിക്കും. ഇതിനുപുറമെ ഇതിൽ തമിൾ, മലയാളം ഭാഷകളിലെ പരിപാടികളും സംപ്രേഷണം ചെയ്യുന്നതായിരിക്കും.

MTA 8 അമേരിക്ക–ഈ ചാനൽ അമേരിക്ക, നോർത്ത് അമേരിക്ക, കനഡ തുടങ്ങിയ രാജ്യങ്ങളിലെ പ്രേക്ഷകർക്കുവേണ്ടിയുള്ളതായിരിക്കും. മുമ്പേയും ഈ ചാനൽ നടന്നു വരുന്നുണ്ട്. ഇതിൽ അല്പം ക്രമീകരണമാറ്റമുണ്ടായിട്ടുണ്ട്. അടിസ്ഥാനപരമായി ഈ ചാനലുകളെല്ലാം മുമ്പേ പ്രവർത്തിച്ചുവന്നതുപോലെ നടന്നു വരികയാണ്. ഇതിൽ MTA 8 അമേരിക്കയുടെ പേര് നല്കപ്പെട്ടിരിക്കുന്നത് ഇത് അമേരിക്ക, നോർത്ത് അമേരിക്ക, കനഡ തുടങ്ങിയ രാജ്യങ്ങളിലെ പ്രേക്ഷകർക്കുവേണ്ടിയുള്ളതായതുകൊണ്ടാണ്. ചാനലിന്റെ ഭാഷ ഉർദുവും ഇംഗ്ലീഷുമായിരിക്കും. ഇതിനുപുറമെ ഫ്രഞ്ച്, സ്പാനിഷ് ഭാഷകളിലെ പരിപാടികളും സംപ്രേഷണം ചെയ്യുന്നതായിരിക്കും.

എം.ടി.എ യിലെ തൽസമയ സംപ്രേഷണങ്ങൾ: അവയിൽ എം.ടി.എ യുടെ താഴെ കാണുന്ന തൽസമയ പരിപാടികൾ വിവിധ ചാനലുകളിൽ സംപ്രേഷണം ചെയ്യുന്നതായിരിക്കും.

രാഹെ ഹുദാ, അൽഹവാറുൽമബാശിർ, ബംഗ്ലാ പ്രോഗ്രാം തുടങ്ങിയവ എം.ടി.എ യുടെ എല്ലാ ചാനലുകളിലും. ഈ പരിപാടികളുടെ തർജമ ആ ചാനലിന്റെ മെയിൻ ഭാഷയോടൊപ്പം സംപ്രേഷണം ചെയ്യുന്നതായിരിക്കും. പിന്നീട് എം.ടി.എ ജേർണൽ(Journal), ഇസ്‌ലാം സെസിയേറ്റിൻ (Sesiyetin)–ജർമനിയുടെ ഭാഷകളാണ് അല്ലെങ്കിൽ വാക്കുകളാണ്– ഇത് MTA 2 യൂറോപ്പ്–ൽ സംപ്രേഷണം ചെയ്യുന്നതായിരിക്കും. Horizen de Islam ഇത് MTA 1ലും MTA 2 യൂറോപ്പ്–ലും MTA 4 ആഫ്രിക്ക–ലും MTA 5 ആഫ്രിക്ക–ലും സംപ്രേഷണം ചെയ്യുന്നതായിരിക്കും. ഈ ചാനലിന്റെ മെയിൻ ഭാഷകളോടൊപ്പം ഫ്രഞ്ചിലും സംപ്രേഷണം ചെയ്യുന്നതായിരിക്കും. ഇതിന്റെ തർജമയും ഒപ്പത്തിനൊപ്പം വന്നുകൊണ്ടിരിക്കും. ഇപ്രകാരം 'ഇൻതിഖാബെ സുഖുൻ' തുടങ്ങിയ പരിപാടികളും MTA 1ലും MTA 2 യൂറോപ്പ്–ലും MTA 6 ഏഷ്യായി–ലും MTA 7 ഏഷ്യായി–ലും സംപ്രേഷണം ചെയ്യുന്നതായിരിക്കും.

എന്തായാലും ചാനലുകളുടെ എണ്ണമനുസരിച്ചും അല്പം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഒരുപക്ഷേ, ചിലപ്പോൾ സെറ്റിംഗിലും പൊതുവെ ഒരു മാറ്റവും ഉണ്ടായിരിക്കുകയില്ല. ആദ്യം മുതലെ നടന്നു വരുന്നതാണ്. ഇപ്രകാരം വിവിധ ചാനലുകൾക്ക് ഈ കണക്കനുസരിച്ച് പേരുകൾ നല്കപ്പെട്ടിരിക്കുകയാണ്. ഉണ്ടാക്കപ്പെട്ടിരിക്കുന്ന ഈ സംവിധാനത്തിൽ അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ. എം.ടി എ വകുപ്പിന് മുമ്പേയുള്ളതിനെക്കാളുപരി ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ലോകത്തെല്ലായിടത്തും എത്തിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2018 നവംബർ 04, ഞായറാഴ്ച:

**(തുടർച്ച....)**നാഷണൽ സെക്രട്ടറി ഉമൂറെ ആമ: ഞങ്ങളുടെ അധിക പ്രശ്നങ്ങളും വിവാഹ സംബന്ധമായ തർക്കങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. കഴിഞ്ഞ രണ്ടര വർഷമായി ഞങ്ങളുടെയടുക്കൽ 42 ഖുലാ, 18 ത്വലാഖ് കേസുകൾ വന്നിട്ടുണ്ട്. ഇവയിൽ 44 കേസുകൾ പരിഹരിക്കുന്നതിൽ വിജയിച്ചു.15 കേസുകളിൽ ഇരു കക്ഷികളെ രഞ്ജിപ്പിലാക്കാനും സാധിച്ചു.

ഹുദൂർ അൻവർ: രഞ്ജിപ്പിലാക്കാൻ സാധിച്ചുവെന്നത് ശരിതന്നെ. എന്നാൽ, വർഷത്തിനു ശേഷം വീണ്ടും സ്ത്രീകൾ ഭർത്താക്കന്മാരെപ്പറ്റി പരാതികളുമായി വരാറുണ്ട്. അവരുടെ ഈ രീതി ശരിയല്ല. അതുകൊണ്ട് രഞ്ജിപ്പിലെത്തിയതിനുശേഷം ഇത്തരം വ്യക്തികളുമായി തുടർന്നും ബന്ധം തുടരുക. ചുരുങ്ങിയത് സെക്രട്ടറി തർബിയ്യത്ത് ഇത്തരം വ്യക്തികളുമായി തീർച്ചയായും ബന്ധം നിലനിറുത്തേണ്ടതാണ്.

### അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് യു.എസ്.എ നാഷണൽ മജ്‌ലിസെ ആമില

ഹുദൂർ അൻവർ ചോദിച്ചതനുസരിച്ച് സെക്രട്ടറി തർബിയ്യത്ത്: 'നാഷണൽ തലത്തിലും ഇസ്‌ലാഹീ കമ്മിറ്റി സ്ഥാപിതമാണ്. കൂടാതെ പ്രാദേശിക തലത്തിൽ 35 ഇസ്‌ലാഹീ കമ്മിറ്റികൾ സ്ഥാപിതമാണ്.

ഹുദൂർ അൻവർ: സ്വദ്ർ ലജ്നയും ഇസ്‌ലാഹീ കമ്മിറ്റിയുടെ അംഗമാണ്. അതുകൊണ്ട് നിങ്ങൾ എല്ലാ വീടുകളുമായും ബന്ധം തുടരേണ്ടതാണ്. എവിടെയെല്ലാം പ്രശ്നങ്ങൾ തുടങ്ങുന്നുവോ അതേ സമയത്തുതന്നെ താങ്കൾക്ക് റിപ്പോർട്ട് ലഭിച്ചിരിക്കണം. പ്രശ്നങ്ങൾ പരിധിവിട്ട് പോകുകയും പരിഹരിക്കാൻ സാധിക്കാത്ത അവസ്ഥയിൽ എത്തിപ്പെടുകയും ചെയ്യുന്നതിന്നു മുമ്പേ തുടക്കത്തിൽ അതിനെ നോക്കിക്കാണേണ്ടതാണ്. ഖളായിലേക്കോ ഉമൂറെ ആമയിലേക്കോ പോകുന്നതിന്നുമുമ്പേ പ്രശ്നത്തെ പരിഹരിക്കാൻ ഇസ്‌ലാഹീ കമ്മിറ്റി ശ്രമിക്കേണ്ടതാണ്.

ഹുദൂർ അൻവർ സെക്രട്ടറി ഉമൂറെ ആമയോട്: ഇവരുടെ പ്രശ്നങ്ങൾക്കു പുറമെ ഇവിടെ അഭയാർഥികളായി എത്തുന്നവർക്ക് ജോലി സംബന്ധമായും മറ്റുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്ന് അവരെ സഹായിക്കലും താങ്കളുടെ ജോലിയാണ്. ഇതു സംബന്ധമായി താങ്കൾ എന്താണ് ചെയ്തു വരുന്നത്?

സെക്രട്ടറി ഉമൂറെ ആമ: ഞങ്ങൾ അമേരിക്കയിൽ നാലു വിവിധ സ്ഥലങ്ങളിൽ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ ഒന്നൊന്നര വർഷമായി 28 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. ഇതു സംബന്ധമായി ഖുദ്ദാമുൽ അഹ്മദിയ്യായുമായും സ്വൻഅത്ത് വ തിജാറത്ത് വിഭാഗവുമായും സഹകരിച്ചു പ്രവർത്തിച്ചു വരുന്നു.

സെക്രട്ടറി സ്വൻഅത്ത് വ തിജാറത്തിനോടു (കച്ചവട, ജോലി സംബന്ധമായ വിഭാഗ) ഹുദൂർ അൻവർ: ഇതു വിഷയകമായി താങ്കൾ എന്താണ് ചെയ്തു വരുന്നത്. ഇവിടെ വരുന്ന അഭയാർഥികൾക്ക് ഭാഷയും വലിയൊരു പ്രശ്നമായിരിക്കും. മെക്കാനിക് അല്ലെങ്കിൽ കാർപ്പെന്റിംഗ് പോലെയുള്ള ജോലികൾ ചെയ്യാൻ കഴിയുമോ? എന്നാൽ, ഭാഷ കാരണത്താൽ അവർക്ക് ബുദ്ധിമുട്ടുണ്ടാകും.

സെക്രട്ടറി സ്വൻഅത്ത് വ തിജാറത്ത്: ഇത്തരം വ്യക്തികളോട് വരുമ്പോൾതന്നെ എന്ത് ജോലി ചെയ്യുമെന്ന് അന്വേഷിക്കുന്നു. അല്ലെങ്കിൽ പാക്കിസ്താനിൽ എന്തു ജോലിയാണ് ചെയ്തു വരുന്നത് എന്ന് അന്വേഷിക്കുന്നു. നിർമാണ പ്രവർത്തനങ്ങളാണ് ചെയ്തു വരുന്നതെങ്കിൽ അവർക്ക് ഏതെങ്കിലും കോൺട്രാക്ടറുമായി ബന്ധം ഉണ്ടാക്കി കൊടുക്കുന്നു. ഇപ്രകാരം അദ്ദേഹം ഘട്ടംഘട്ടമായി സാഹചര്യം മനസ്സിലാക്കി എന്തെങ്കിലും ഒരു ബിസിനസും തുടങ്ങുന്നു.

ഹുദൂർ അൻവർ: ചില ജോലികൾ ചെയ്തു വരുന്ന സ്ത്രീകൾ അത് ഉപേക്ഷിച്ചട്ട് മറ്റുചിലത് ചെയ്യാൻ ആഗ്രഹിക്കുന്നുണ്ട്. അത്തരം സ്ത്രീകൾക്കുവേണ്ടിയും നിങ്ങളെന്തെങ്കിലും ചെയ്യാനുള്ള തീരുമാനമുണ്ടോ?

സെക്രട്ടറി സ്വൻഅത്ത് വ തിജാറത്ത്: ചില സ്ത്രീകൾക്ക് തുന്നൽ അറിയാമെന്ന് അറിയാൻ കഴിഞ്ഞു.അവർക്ക് തുന്നൽ മെഷീൻ വാങ്ങിച്ചു കൊടുക്കാൻ പദ്ധതിയുണ്ട്.

ഹുദൂർ അൻവർ: ചില മാതാക്കൾ കുട്ടികളോടൊപ്പം തനിച്ച് വന്നിട്ടുണ്ട്. അവർ ഒന്നുകിൽ അവരുടെ ഭർത്താക്കന്മാരെ ഉപേക്ഷിച്ചതാണ്.അല്ലെങ്കിൽ അവരുടെ ഭർത്താക്കന്മാർക്ക് കൂടെ വരാൻ കഴിഞ്ഞിട്ടില്ല. ചിലരുടെ ഭർത്താക്കന്മാർ വഫാത്തായതാണ്. അവർക്കുവേണ്ടി എന്താണ് ചെയ്യുന്നത്?

സെക്രട്ടറി സ്വൻഅത്ത് വ തിജാറത്ത്: ഇത്തരത്തിലുള്ള 3 കുടുംബങ്ങൾ എന്റെ ജമാഅത്തിലും ഉണ്ട്. ഞങ്ങൾ അവരുമായി ബന്ധപ്പെട്ടു വരുന്നു. ഈ കുടുംബങ്ങളിൽ പുരുഷന്മാർ ആരുമില്ല. അവർക്ക് യോജിക്കുന്ന എന്തെങ്കിലും ജോലി തരപ്പെടുത്തുന്നതിന് പൂർണശ്രമങ്ങൾ നടത്തി വരുന്നുണ്ട്. അവർക്ക് തുന്നലറിയാമെങ്കിൽ സ്വൻഅത്ത് വ തിജാറത്ത് വിഭാഗം അവർക്ക് തുന്നൽ മെഷീനുകൾ വാങ്ങിച്ചു നല്കാൻ തയ്യാറാണ്.

നാഷണൽ സെക്രട്ടറി തഅ്‌ലീമിനോട് ഹുദൂർ അൻവർ: അഭയാർഥികളുടെ മക്കളേയും നിങ്ങൾ സഹായിക്കേണ്ടതുണ്ട്. അവർക്ക് വിദ്യാഭ്യാസം നേടേണ്ടതുണ്ട്. പ്രായം കൂടുതലായതുകൊണ്ട് സ്കൂളിൽ ചേരാൻ കഴിയാത്തവർക്ക് ഏത് ഡിപ്ലോമ ചെയ്യാൻ കഴിയുമെന്നും അല്ലെങ്കിൽ professional skill പഠിക്കാൻ കഴിയുമെന്നുമുള്ള വിവരം അവർക്ക് നല്കേണ്ടതുണ്ട്. ഉമൂറെ ആമ വകുപ്പിൽ നിന്ന് അത്തരക്കാരുടെ ഡേറ്റ വാങ്ങുകയും അവർക്ക് മാർഗദർശനം നല്കുകയും ചെയ്യുക. പ്ലംബിംഗ്, മെക്കാനിക് അല്ലെങ്കിൽ ഇത്തരത്തിലുള്ള മറ്റു കഴിവുകൾ നേടാൻ കഴിഞ്ഞാൽ അവർക്ക് ജോലി ചെയ്യാനുള്ള കൂടുതൽ അവസരങ്ങൾ പ്രാപ്തമാകും. അല്ലെങ്കിൽ അവർ യൂബർ ടേക്സി ഓടിക്കാൻ തുടങ്ങും. അതു എന്നുവരെ അവർക്ക് ഓടിക്കാൻ കഴിയുമെന്ന് പറയാൻ പറ്റില്ല. അവരുടെമേൽ കേസുകളും മറ്റും നടന്നു കൊണ്ടിരിക്കും. ഈ കമ്പനി എത്ര നാളുണ്ടാകുമെന്ന് അറിയില്ല. അതുകൊണ്ട് യൂബർ കൂടാതെയും കാര്യങ്ങൾ വേണ്ടതാണ്. സെക്രട്ടറി സ്വൻഅത്ത് വ തിജാറത്ത് ഇക്കാര്യങ്ങളും നോക്കേണ്ടതാണ്.

ഹുദൂർ അൻവർ സെക്രട്ടറി ഉമൂറെ ആമയോട്: സ്ത്രീകളുടെ ഭാഗത്തുനിന്നും പരാതികൾ കൂടുന്നുണ്ട്. പുരുഷന്മാർ കൈകാര്യം ചെയ്യുന്ന വിഭാഗങ്ങളിൽ പുരുഷന്മാർക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്നു. സ്ത്രീകൾക്കുവേണ്ടി ഒന്നും ചെയ്യാറില്ല എന്ന പരാതികൾ അകറ്റാൻ ശ്രമിക്കുക.

നാഷണൽ സെക്രട്ടറി ളിയാഫത്ത് ഹുദൂർ അൻവർ അന്വേഷിച്ചതിനെ തുടർന്ന് പറഞ്ഞു: ജുമുഅ ദിവസം ളിയാഫത്ത് വിഭാഗം എണ്ണായിരത്തോളം അതിഥികൾക്ക് ഭക്ഷണം തയ്യാറാക്കി കൊടുത്തിട്ടുണ്ട്. ജനങ്ങൾ ഭക്ഷണം ഇഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. ഭക്ഷണം എല്ലാവർക്കും ലഭിച്ചു. എങ്കിലും മഴപെയ്ത് പന്തലി ൽ ചെളി ഉണ്ടായതിനാൽ ബുദ്ധിമുട്ടുണ്ടായി. എന്നിരുന്നാലും അതിഥികളുടെ ഭാഗത്തുനിന്നും ഒരു പരാതിയും ഉണ്ടായില്ല. അൽഹംദുലില്ലാഹ്.

നാഷണൽ സെക്രട്ടറി മാലിനോട് ഹുദൂർ അൻവർ: ചന്ദ നല്കുന്നവരുടെ കണക്കനുസരിച്ച് വരുമാനം percapita എത്രയാണ്?

സെക്രട്ടറി മാൽ: വസിയ്യത്ത് ചന്ദ നൽകുന്നവരുടെ കണക്കനുസരിച്ച് വാർഷിക വരുമാനം 47000 ഡോളറാണ്. ചന്ദ ആം നൽകുന്നവരുടെ വരുമാനം മാസത്തിൽ 1518 ഡോളറാണ്.

സെക്രട്ടറി മാൽ ഹുദൂർ അൻവർ ചോദിച്ചതു പ്രകാരം പറഞ്ഞു: അമേരിക്കയിൽ ഓരോ സ്റ്റേറ്റിലും മധ്യമനിലയിലുള്ള വരുമാനം വെവ്വേറെയാണ്. എങ്കിലും പൊതുവെ 32000 ഡോളറിനും നും 600000നും ഇടയിലാണ് വാർഷിക വരുമാനം. ഒരു സാധാരണ തൊഴിലാളിക്ക് ഒരു മണിക്കൂറിൽ 15 ഡോളർ ലഭിക്കും.

ഹുദൂർ അൻവർ: 15 ഡോളർ മണിക്കൂറിൽ കൂലി ലഭിക്കുമെങ്കിൽ 40 മണിക്കൂർ കണക്ക് പ്രകാരം വാർഷിക വരുമാനം 30000 ഡോളറാണ്. എന്നാൽ, മൂസികൾ അല്ലാത്തവരുടെ വരുമാനമായ 15000നും 18000നും ഇടയിൽ വരുന്ന വാർഷിക വരുമാനം യഥാർഥ വരുമാനത്തിന്റെ പകുതിയാണ്.

ചില ടാക്സി ഡ്രൈവർമാർ അവരുടെ വരുമാനം അനുസരിച്ച് ചന്ദ നല്കുന്നു. അവരുടെ ചന്ദയുടെ കണക്കുകൾ വെച്ചുകൊണ്ട് ആഴ്ചയിലോ മാസത്തിലോ ഉള്ള അവരുടെ വരുമാനം കണക്കാക്കാൻ സാധിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരോടും അവരുടെ ചന്ദ വർധിപ്പിക്കാൻ പറയാൻ സാധിക്കും.പ്രാദേശിക ജമാഅത്തുകളുടെ മാൽസെക്രട്ടറിമാരോടും ഇതനുസരിച്ച് പ്രവർത്തിക്കാൻ പറയുക. നി

---

**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ങ്ങളുടെ ബഡ്ജറ്റ് എങ്ങനെയാണ് നിങ്ങൾ തയ്യാറാക്കുന്നത്. മാൽ സെക്രട്ടറിമാർ വീടുകളിൽ പോയാണോ ബഡ്ജറ്റ് എഴുതുന്നത്?

സെക്രട്ടറി മാൽ: ഓരോ അംഗവുമായി ബന്ധപ്പെട്ടുകൊണ്ട് ബഡ്ജറ്റ് തയ്യാറാക്കാനാണ് മാൽ സെക്രട്ടറിമാരോട് ഞങ്ങൾ പറയുന്നത്. എങ്കിലും അവർ എല്ലാ അംഗങ്ങളുടേയും അടുത്ത് പോകാറില്ല. അതുകൊണ്ട് ബഡ്ജറ്റ് ലഭിക്കുമ്പോൾ ഞങ്ങൾ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റുമായി താരതമ്യപ്പെടുത്തി നോക്കുന്നു.

ഹുദൂർ അൻവർ: ഇത് ശരിയായ രീതിയല്ല. വിവരങ്ങളും ശരിയല്ല. എല്ലാവരുമായും വ്യക്തിഗത ബന്ധം നിർബന്ധമാണ്.

നാഷണൽ സെക്രട്ടറി വസായായോട് ഹുദൂർ അൻവർ: വരുമാനമുള്ള അഹ്മദികളുടെ 50 ശതമാനം വസിയ്യത്തിന്റെ ടാർഗറ്റ് നിങ്ങൾ പൂർത്തിയാക്കിയോ?

സെക്രട്ടറി വസിയ്യത്ത്: ഇപ്പോഴും ഞങ്ങൾ സ്വന്തം ടാർഗറ്റിൽ നിന്ന് പിന്നിലാണ്. ഇപ്പോൾ 28 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്.

ഹുദൂർ അൻവർ: നിങ്ങളുടെ മൂസികളുടെ എണ്ണം വർധിപ്പിക്കുകയാണെങ്കിൽ യഥാർഥ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചന്ദ നല്കുന്നില്ല എന്ന ബുദ്ധിമുട്ടും ഒരു പരിധി വരെ മാറിക്കിട്ടുന്നതാണ്.

സെക്രട്ടറി വസിയ്യത്ത്: ഞങ്ങൾ ഇതനുസരിച്ച് പ്രവർത്തിച്ചു വരികയാണ്. ഹുദൂറിനോടു ദുആക്കപേക്ഷിക്കുകയാണ്. ചില ജമാഅത്തുകൾ ഈ ടാർഗറ്റ് നേടിക്കഴിഞ്ഞു. എന്നാൽ, ചില ജമാഅത്തുകൾ ഇപ്പോൾ പിന്നിലാണ്.

ഹുദൂർ അൻവർ: നിങ്ങളുടെ പ്രാദേശിക വസിയ്യത്ത് സെക്രട്ടറിമാർ ഊർജ്ജസ്വലരാണോ? അവരുടെ റെഫ്രഷർ കോഴ്സ് വല്ലതും നിങ്ങൾ നടത്തിയിട്ടുണ്ടോ?അല്ലെങ്കിൽ അവർ നേരിടുന്ന ബുദ്ധിമുട്ടുകളെ കുറിച്ച് അന്വേഷിക്കാറുണ്ടോ?

സെക്രട്ടറി വസിയ്യത്ത്: ഞങ്ങളുടെ തഹ്‌വായുടെ നിലവാരം വസിയ്യത്ത് ചെയ്യാൻ പറ്റുന്ന നിലയിലുള്ളതല്ലെന്ന യുവാക്കളുടെ പ്രതികരണമാണ് ഞങ്ങൾ നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട്. അതുകൊണ്ട് വസിയ്യത്ത് ചെയ്യാൻ കഴിയില്ല എന്നാണ് അവർ പറയുന്നത്.

ഹുദൂർ അൻവർ: ഇത് കേവലം ഒഴികഴിവാണ്. ഇതു വിഷയകമായി ഞാനൊരു ഖുത്ബയും നല്കിയിരുന്നു. വസിയ്യത്ത് ചെയ്യുകയാണെങ്കിൽ അല്ലാഹു നിലവാരത്തെ ഉയർത്താനുള്ള ഭാഗ്യം അവർക്ക് നല്കുന്നതായിരിക്കും. അത്തരം വ്യക്തികൾക്ക് ഖുത്ബയുടെ സർക്കുലർ അയക്കുക. ജർമനി വളരെ വലിയ ജമാഅത്താണ്. അവർ ഈ ടാർഗറ്റ് നേടിക്കഴിഞ്ഞു. ഇതുപോലെതന്നെ യു.കെ ജമാഅത്തും അവരുടെ ടാർഗറ്റിന് അടുത്തെത്തിക്കഴിഞ്ഞു.

അഡീഷണൽ സെക്രട്ടറി മാൽ: ഞാൻ ഫൈനാൻസ് ടീമുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. അതിൽ 10 അംഗങ്ങളുണ്ട്. ഓരോ അംഗത്തിനും 10നോടടുത്ത ജമാഅത്തുകൾ ഏല്പ്പിക്കപ്പെട്ടിട്ടുണ്ട്.

സെക്രട്ടറി മാലിനോട് ഹുദൂർ അൻവർ: യഥാർഥ വരുമാനം അനുസരിച്ച് ചന്ദ നല്കാത്തവർക്കു വേണ്ടി ഒരു പ്ലാൻ തയ്യാറാക്കുക. അവർക്ക് ഏതെങ്കിലും കാരണത്താൽ യഥാർഥ വരുമാനം അനുസരിച്ച് ചന്ദ നൽകാൻ സാധിക്കുന്നില്ലെങ്കിൽ ഔദ്യോഗികമായി എഴുതി അനുവാദം വാങ്ങുക. ഇതു വിഷയകമായി മുറബ്ബിമാരുടേയും സഹായം തേടുക. ചില വ്യക്തികളോടോ ഉദ്യോഗസ്ഥരോടോ ചന്ദ അടക്കുന്നതുമായി ബന്ധപ്പെട്ട് പറയുമ്പോൾ നിങ്ങൾക്ക് സാമ്പത്തിക കാര്യങ്ങളിൽ ഇടപെടാനുള്ള അവകാശമില്ലെന്ന് അവർ പ്രതികരിക്കുന്നതായി ചില മുബല്ലിഗുമാർ എന്നോട് പറഞ്ഞിരുന്നു. യഥാർഥത്തിൽ ഇത് സാമ്പത്തിക കാര്യങ്ങളിലുള്ള ഇടപെടലല്ല, അവർ കേവലം ചന്ദ സ്വീകരിക്കുന്ന കാര്യത്തിൽ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്.

സെക്രട്ടറി മാൽ: ജനങ്ങളുമായി ബന്ധമുണ്ടാക്കി ഇതു വിഷയകമായി പ്രവർത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ചില ജമാഅത്തുകൾക്ക് ഉത്തരവാദിത്വം ഏല്പ്പിച്ചു കൊടുത്തിട്ടുണ്ട്.

ഹുദൂർ അൻവർ: എന്നാൽ, ജമാഅത്തുകളിലേക്ക് നിയോഗിതരായവരുടെ ചന്ദ യഥാർഥ വരുമാനത്തിനനുസരിച്ചാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

നാഷണൽ സെക്രട്ടറി തഅ്ലീമുൽ ഖുർആനിനോട് ഹുദൂർ അൻവർ: എനിക്ക് അമേരിക്കയിൽ നിന്നു പ്രത്യേകിച്ചും സ്ത്രീകളുടെ ഭാഗത്തുനിന്നും കത്തുകൾ വരാറുണ്ട്. ഫീസ് നല്കി കുട്ടികളെ പഠിപ്പിക്കുന്ന ക്ലാസുകൾ അവസാനിപ്പിച്ചതിനു ശേഷം അവർ ബുദ്ധിമുട്ടിലാണ്. എന്നാലിപ്പോൾ റബ്‌വയിൽ നളാറത്ത് തഅ്ലീമിന്റെ ഭാഗത്തുനിന്നും ഈ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. ഇവരുടെ ക്ലാസുകളിൽ വിദ്യാർഥികളുടെ വർധന ഉണ്ടായിട്ടുണ്ട്. വിദ്യാർഥികളുടെ എണ്ണം 2000 വരെ ആയിട്ടുണ്ട്.

സെക്രട്ടറി തഅ്ലീമുൽ ഖുർആൻ: റബ്‌വ ക്ലാസിലും 107 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ, ഞങ്ങളും ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 1240 കുട്ടികൾ പഠിച്ചു വരുന്നു. പഠിപ്പിക്കുന്നതിന്നുവേണ്ടി 146 അധ്യാപികമാരും 11 അധ്യാപകന്മാരും ഉണ്ട്. ഈ അധ്യാപകന്മാരെല്ലാം റബ്‌വയിൽ നിന്ന് approve ചെയ്യപ്പെട്ടവരാണ്.

നാഷണൽ സെക്രട്ടറി തഹ്‌രീക്കെ ജദീദ് ഹുദൂർ ചോദിച്ചപ്പോൾ പറഞ്ഞു: കഴിഞ്ഞ വർഷം ഞങ്ങൾ തഹ്‌രീക്കെ ജദീദിൽ അംഗമാകുന്നവരുടെ എണ്ണത്തിലും ബഡ്ജറ്റിലും ടാർഗറ്റ് പൂർത്തീകരിച്ചിരുന്നു. കഴിഞ്ഞ വർഷം 13000 പേർ അംഗമായിരുന്നു. ഈ വർഷം ഇത് 14400 ആയിട്ടുണ്ട്. പിരിഞ്ഞ തുക 2.22 മില്യൺ ഡോളറായിരുന്നു.

ഹുദൂർ അൻവർ: ഏകദേശം 2 ലക്ഷം മില്യൺ ഡോളർ പാക്കിസ്താനിൽ കേവലം റബ്‌വ ലജ്നകൾ മാത്രം അടച്ചിട്ടുണ്ട്.

നാഷണൽ സെക്രട്ടറി വഖ്ഫെ ജദീദ് ഹുദൂർ ചോദിച്ചപ്പോൾ പറഞ്ഞു: വഖ്ഫെ ജദീദിൽ അംഗമാകുന്നവരുടെ കഴിഞ്ഞ വർഷത്തെ നമ്മുടെ ടാർഗറ്റ് 13000 ആയിരുന്നു. എന്നാൽ, 12074 പേരായിരുന്നു അംഗങ്ങൾ. ടാർഗറ്റിനേക്കാൾ കുറച്ച് പിന്നിലായിരുന്നു. എന്നാൽ, ഈ വർഷം ഇൻശാഅല്ലാഹ് 13000 ടാർഗറ്റ് ഞങ്ങൾ പൂർത്തീകരിക്കുകതന്നെ ചെയ്യും.

നൗമുബായിയീന്റെ അഡീഷണൽ സെക്രട്ടറി തർബിയ്യത്ത് ഹുദൂർ നിർദേശിച്ചതനുസരിച്ച് പറഞ്ഞു: കഴിഞ്ഞ 3 വർഷത്തെ നവഅഹ്മദികളുടെ എണ്ണം 385 ആണ്. യു.കെ. നൗ മുബായിയീൻ തർബിയ്യത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്ന് പ്രസിദ്ധീകരിച്ച സിലബസാണ് ഞങ്ങൾ ഉപയോഗിക്കുന്നത്. ഇതിൽ നമസ്കാരം പഠിപ്പിക്കുന്നതും മറ്റുമുണ്ട്.

ഹുദൂർ ചോദിച്ചതനുസരിച്ച് ഒരു ആമിലാ അംഗം പറഞ്ഞു: കഴിഞ്ഞ 3 വർഷങ്ങളിൽ നവ അഹ്മദികളുടെ എണ്ണം 385 ആണ്. എന്നാൽ, 210 പേർക്കു മാത്രമേ മെമ്പർഷിപ്പ് ഇഷ്യൂ ചെയ്തിട്ടുള്ളൂ..

ഹുദൂർ അൻവർ: ഇതിന്റെയർഥം 210 നവഅഹ്മദികൾ മുഖ്യധാരയുടെ ഭാഗമാണെന്നാണ്.

നൗ മുബായിയീൻ അഡീഷണൽ സെക്രട്ടറി തർബിയ്യത്ത്, ഹുദൂർ ചോദിച്ചപ്പോൾ പറഞ്ഞു: നൗ മുബായിയീൻ വിവിധ സമൂഹങ്ങളുമായി ബന്ധപ്പെട്ടവരാണ്. ആഫ്രിക്കൻ, അഫ്രോ അമേരിക്കൻ എന്നിവരുടെ എണ്ണം 83 ആണ്. അമേരിക്കകാർ– 2, ക്രൊയേഷ്യൻ–55, ഏഷ്യൻ–32, സ്പെയിൻകാർ–48, ബംഗ്ലാദേശികൾ–11 എന്നിങ്ങനെയാണ്. കൂടാതെ, കരീബ്യൻ, പെസഫിക് ഐലന്റിൽ നിന്നുള്ളവർ 10, മിഡിൽഈസ്റ്റിൽ നിന്നുള്ളവർ 4, പാക്കിസ്താനികൾ–67 എന്നിങ്ങനെയുമാണ്.

ഹുദൂർ അൻവർ: ഓരോ നൗ മുബായിയീനും സൂറ ഫാത്തിഹ, അതിന്റെ തർജമ അറിഞ്ഞിരിക്കണം.

ഹുദൂർ ചോദിച്ചപ്പോൾ വഖ്ഫെ നൗ നാഷണൽ സെക്രട്ടറി പറഞ്ഞു: ആകെ വാഖിഫീനെ നൗ 1385 ആണ്; 774 ആൺകുട്ടികളും 611 പെൺകുട്ടികളും. പ്രായമനുസരിച്ച് 15നും 18നും ഇടയിൽ പ്രായമുള്ള ആൺകുട്ടികൾ 432 ഉം 18നു മുകളിൽ 345ഉം ആണ്.

ഹുദൂർ ചോദിച്ചപ്പോൾ വഖ്ഫെ നൗ നാഷണൽ സെക്രട്ടറി പറഞ്ഞു: 327 വഖ്ഫെനൗ കുട്ടികൾ വഖ്ഫ് പുതുക്കിയിട്ടുണ്ട്. ഇവരിൽ 4 വാഖിഫീങ്ങൾ ജമാഅത്തിന്റെ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്നവരാണ്. 7 വാഖിഫീങ്ങൾ മുബല്ലിഗ് എന്ന നിലയിൽ സേവനം ചെയ്തു വരുന്നു.

സെക്രട്ടറി കൃഷി വിഭാഗത്തോട് (സറാഅത്ത്) ഹുദൂർ അൻവർ: താങ്കൾക്ക് കൃഷി വകുപ്പുമായി എന്തെങ്കിലും ബന്ധമുണ്ടോ?

സെക്രട്ടറി സറാഅത്ത്: ഞാൻ കൊളംബസ് ജമാഅത്തിൽ മൂന്നു വർഷം സെക്രട്ടറി സറാഅത്ത് എന്ന നിലയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൃഷി സംബന്ധമായ ജോലിയുമായി പ്രത്യേകിച്ച് ബന്ധങ്ങളൊന്നുമില്ല. എന്നാൽ, ചില കൃഷികളെ സംബന്ധിച്ച് അത് ചെയ്യാൻ സാധിക്കുമെന്ന് വിചാരിക്കുന്നു.

ഹുദൂർ അൻവർ: നിങ്ങളുടെ മനസ്സിൽ എന്തെങ്കിലും പ്ലാനുണ്ടെങ്കിൽ എന്നെ എഴുതി അറിയിക്കുക. പദ്ധതി സാധാരണ നിലയിലുള്ളതായിരിക്കണം.

(തുടരും)


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**ഹദീഥുന്നബ്‌വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)*

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 2 July 2020 Issue-27

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

(തർജമ). *അല്ലയോ ജനങ്ങളേ! ഈ ദൈവദൂതൻ നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യവുമായി നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ആ റസൂലിൽ വിശ്വസിക്കുക. നിങ്ങളുടെ ക്ഷേമം അതിലാകുന്നു. നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളെ എന്ത് വിലവെക്കാനാണ്. ഭൂമിയും ആകാശവും എല്ലാം അവന്റേതാകുന്നു. എല്ലാം അവനെ അനുസരിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു സർവജ്ഞനും യുക്തിജ്ഞനമാകുന്നു.*

11. **കുല്ലമാ ഉൽഖിയ ഫീഹാ ഫൗജുൻ സഅലഹും ഖസനത്തുഹാ അലം യഅ്തിക്കും നദീർ. ഖാലൂ ബലാ ഖദ് ജാഅനാ നദീർ ഫഖദ്ദബ്നാ വ ഖുൽനാ മാ നസ്സലല്ലാഹു മിൻ ശയ്ഇൻ**(67:9.)

(തർജമ). *നിഷേധികളുടെ ഓരോ സംഘവും നരകത്തിൽ വീഴുമ്പോഴും അതിന് കാവൽനിൽക്കുന്ന മലക്കുകൾ നരകവാസികളോട് ചോദിക്കും. നിങ്ങളുടെയടുക്കൽ ദൈവികമുന്നറിയിപ്പുകാർ ആരും വന്നിരുന്നില്ലേ? അവർ പറയും: 'അതെ. തീർച്ചയായും ഞങ്ങളുടെ അടുത്ത് വന്നിരുന്നുവെന്നതു ശരിയാണ്. എന്നാൽ, ഞങ്ങൾ അദ്ദേഹത്തെ നിഷേധിച്ചു. ഞങ്ങൾ പറഞ്ഞു അല്ലാഹു ഒന്നുംതന്നെ ഇറക്കിയിട്ടില്ല'*

നോക്കുക, നരകവാസികൾ നരകത്തിൽ പതിക്കാനുള്ള കാരണം കാലത്തിന്റെ നബിമാരെ സ്വീകരിക്കാത്തതാണെന്ന് ഈ ആയത്തിൽനിന്ന് വ്യക്തമാണ്.

12. **ഇന്നമൽ മുഅ്മിനൂനല്ലദീന ആമനൂ ബില്ലാഹു വ റസൂലിഹീ ഥുമ്മ ലം യർത്താബൂ**(49:16).

(തർജമ). *അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുകയും പിന്നീട് തന്റെ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുകയും സംശയത്തിലും സന്ദേഹത്തിലും അകപ്പെടാതിരിക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസികൾ*

നോക്കൂ! അല്ലാഹുവിൽമാത്രം വിശ്വസിക്കാതെ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നവരാണ് അല്ലാഹുവിന്റെ പക്കൽ സത്യവിശ്വാസികളെന്ന് അല്ലാഹു ഈ ആയത്തിലൂടെ ക്ലിപ്തപ്പെടുത്തി. അപ്പോൾ റസൂലിനെ വിശ്വസിക്കാതെ മോക്ഷം കിട്ടുന്നതെങ്ങനെ? റസൂലിൽ വിശ്വസിക്കാതെ കേവലം തൗഹീദിലുള്ള വിശ്വാസം എന്തു പ്രയോജനം ചെയ്യാനാണ്.

13. **വമാ മനഅഹും അൻ തുഖ്ബല മിൻഹും നഫഖാത്തുഹും ഇല്ലാ അന്നഹും കഫറൂ ബില്ലാഹി വ ബിറസൂലിഹീ**(9:54).

(തർജമ).*അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിഷേധിക്കുന്ന കാരണത്താൽ തന്നെയാണ് അവിശ്വാസികളിൽനിന്ന് സംഭാവനകൾ സ്വീകരിക്കാത്തത്.*

നോക്കൂ! റസൂലിൽ വിശ്വസിക്കാത്തവരുടെ കർമങ്ങൾ നഷ്ടമായിപ്പോകുമെന്ന് ഈ വചനത്തിൽ സുവ്യക്തമാണ്. അല്ലാഹു അത് സ്വീകരിക്കുകയില്ല. കർമ്മങ്ങൾ നിഷ്ഫലമായാൽ പിന്നെ മോക്ഷം കിട്ടുന്നതെങ്ങനെ?[3]

14. **വല്ലദീന ആമനൂ അമിലുസ്സ്വാലിഹത്തി വ ആമനൂ ബിമാ നുസ്സില അലാ മുഹമ്മദിൻ വഹുവൽ ഹഖ്ഖു മിൻർറബ്ബിഹിം കഫ്ഫറ അൻഹും സയ്യിആത്തിഹിം വ അസ്‌ലഹ ബാലഹും.** (47:3)

(തർജമ). *വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ഹദ്റത്ത് മുഹമ്മദ് സ്വല്ലല്ലാഹു അലയ്ഹിവസല്ലമിൽ ഇറക്കപ്പെട്ടതിൽ–അവരുടെ നാഥനിൽനിന്നുള്ള സത്യമാണത്– വിശ്വസിക്കുകയും ചെയ്തവരാരോ അവരുടെ പാപങ്ങൾ അല്ലാഹു അവരിൽനിന്ന് അകറ്റുകയും അവരുടെ സ്ഥിതി നന്നാക്കി തീർക്കുകയും ചെയ്യുന്നതാണ്.*

നബി(സ) തിരുമേനിയെ വിശ്വസിക്കുന്ന കാരണത്താൽ അല്ലാഹുതആല എത്രമാത്രം സന്തോഷിക്കുന്നുവെന്ന് നോക്കുക. അവരുടെ പാപം പൊറുത്തുകൊടുക്കുന്നു. അവരുടെ ആത്മശുദ്ധീകരണത്തിന്റെ ഉത്തരവാദിത്വം അവൻതന്നെ ഏറ്റെടുക്കുന്നു. അപ്പോൾ തനിക്ക് നബി(സ)തിരുമേനിയിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്ന് പറയുകയും അഹങ്കാരവും പൊങ്ങച്ചവുംകൊണ്ട് താനെന്തൊക്കെയോ ആണെന്ന് സ്വയം കരുതുകയും ചെയ്യുന്നവൻ എത്ര വലിയ ദുഷ്ടനാണ്. സഅ്ദി എന്ന കവി പറഞ്ഞത് സത്യമാണ്. (ഹഖീഖത്തുൽ വഹ്‌യ് പേ:122–134). (തുടരും)

*(കുറിപ്പുകൾ):*

*2. ഒരു പ്രാവശ്യം ദീർഘകാലംവരെ നബി(സ)തങ്ങളുടെമേൽ ഏകാഗ്രതയോടുകൂടി സ്വലാത്തു ചൊല്ലുന്നതിൽ ഞാൻ മുഴുകിക്കൊണ്ടിരുന്നു. കാരണം അല്ലാഹുവിന്റെ വഴികൾ അങ്ങേയറ്റം നേർത്തതാണെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. വബ്ത്തഗൂ ഇലയിഹിൽ വസീലത്ത എന്ന് അല്ലാഹു പറഞ്ഞതുപോലെ അത് നബി(സ)തങ്ങളുടെ മധ്യവർത്തിത്വം(വസീലത്ത്) കൂടാതെ ലഭിക്കുകയില്ല. അങ്ങനെ ഒരു കാലത്തിനുശേഷം ജാഗ്രദർശനാവസ്ഥയിൽ(കശ്ഫ്)വെള്ളംകോരിക്കൊണ്ടുവരുന്ന രണ്ടുവേലക്കാർ വന്നു. ഒരാൾ ഉള്ളിലെ വഴിയിലൂടേയും ഒരാൾ പുറത്തെവഴിയിലൂടെയും എന്റെ വീട്ടിൽ പ്രവേശിച്ചു. അവരുടെ ചുമലുകളിൽ പ്രകാശത്തിന്റെ കുടങ്ങളാണുള്ളത്. അവർ പറയുന്നു, ഹാദാ ബിമാ സ്വല്ലയ്ത്ത അലാ മുഹമ്മദിൻ (നബി(സ)തങ്ങളുടെമേൽ നീ ചൊല്ലിയ സ്വലാത്തിന്റെ പ്രതിഫലമാണിത്)*

*3. ഈ എല്ലാ ഖുർആനിക വചനങ്ങളും റസൂലിന്റെ സാന്നിധ്യത്തെ കുറിച്ചറിയുകയും റസൂലിന്റെ സന്ദേശമെത്തുകയും ചെയ്തവരെ സംബന്ധിച്ചാണ്. റസൂലിന്റെ സാന്നിധ്യത്തെ അശേഷം അറിയാതിരിക്കുകയും സന്ദേശമെത്താതിരിക്കുകയും ചെയ്യുന്നവരെക്കുറിച്ച് നമുക്കൊന്നും പറയാൻ സാധ്യമല്ല. അവരുടെ സ്ഥിതി അറിയുന്നവൻ അല്ലാഹു ആകുന്നു. അവന്റെ കരുണയും നീതിയും ആഗ്രഹിക്കുന്നതനുസരിച്ച് അവൻ അവരോടു പെരുമാറുന്നതാണ്.*

**(പേജ് 1ൽനിന്ന്)**

ര്യവും അതിന്റെ കൃത്യമായ അവസരത്തിലും സ്ഥാനത്തുമുണ്ടാകുമ്പോൾ അത് ഹിക്മത്ത് എന്നും ഇസ്തിഖാമത്തെന്നുമുള്ള വ്യാഖ്യാനം പ്രാപിക്കുന്നു. ഉദാഹരണത്തിന് ദൂരദർശിനിയുടെ ഓരോ പാർട്ടും വെവ്വേറെയാക്കി അവയെ യഥാർഥ സ്ഥാനത്തുനിന്ന് നീക്കി മറ്റൊരു സ്ഥലത്തുവെച്ചാൽ അത് പ്രയോജനം ചെയ്യുകയില്ല. ചുരുക്കിപ്പറഞ്ഞാൽ വള്യുശ്ശയ്ഇ ഫീ മഹില്ലിഹീ എന്നതിന്റെ പേരാണ് ഇസ്തിഖാമത്ത്. അല്ലെങ്കിൽ മറ്റുവാക്കുകളിൽ പറഞ്ഞാൽ പ്രകൃതിസിദ്ധമായ ഘടനയുടെ പേരാണ് ഇസ്തിഖാമത്ത്. അതിനാൽ മനുഷ്യഘടനയെ ശരിക്കും അതേ അവസ്ഥയിൽ വെക്കുന്നില്ലെങ്കിൽ, അതിനെ മുസ്തഖീം എന്ന അവസ്ഥയിൽ വെക്കുന്നില്ലെങ്കിൽ അതിന് അതിന്റെ ഉള്ളിൽ ശ്രേഷ്ഠതകൾ ഉണ്ടാക്കാൻ സാധിക്കുകയില്ല. രണ്ടു ഇസ്മെ അഅ്ളമും കൂടിച്ചേരുക എന്നതുതന്നെയാണ് ദുആയുടെ മാർഗവും. ഇത് അല്ലാഹുവിലേക്ക് പോകണം, മറ്റാരിലേക്കും മടങ്ങരുത്; അത് അവന്റെ ഇന്ദ്രിയാശകളുടെ ബിംബമാണെങ്കിലും വേണ്ടില്ല. ഈ അവസ്ഥ ഉണ്ടാകുമ്പോൾ ആ നേരത്താണ് *ഉദ്ഊനീ അസ്തജിബ് ലക്കും*(അൽമുഅ്മിൻ:61) എന്നതിന്റെ മധുരിമ ആസ്വദിക്കുന്നത്. അതിനാൽ ഇസ്തിഖാമത്ത് കരസ്ഥമാക്കാൻ നിങ്ങൾ മുജാഹദ(ശരീരേച്ഛയോടുള്ള പോരാട്ടം)ചെയ്യണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. രിയാളിലൂടെ (ശരീരത്തെ ഇച്ഛകളിൽനിന്ന് ശുദ്ധീകരിക്കാനുള്ള പരിശീലമുറയിലൂടെ) അത് പ്രാപിക്കുക. കാരണം അത് മനുഷ്യനെ എങ്ങനെയുള്ള അവസ്ഥയിലെത്തിക്കുന്നുവെന്നാൽ, അവിടെ അവന് സ്വീകാര്യതയുടെ മഹത്ത്വം കരസ്ഥമാകുന്നു. ഇക്കാലത്ത് ധാരാളമാളുകൾ ആ സ്വീകാര്യത ലഭിക്കുന്നില്ലെന്ന് പറഞ്ഞ് പരാതിപ്പെടുന്നവരായുണ്ട്. പക്ഷേ, ഞാൻ പറയുന്നു, ഖേദകരമായ കാര്യം ആ ഇസ്തിഖാമത്ത് ഉണ്ടാക്കാത്തിടത്തോളം ദുആസ്വീകാര്യതയുടെ മധുരിമ എങ്ങനെ പ്രാപിക്കാനാണ്. ദുആ സ്വീകാര്യതയുടെ അടയാളം നമ്മൾ ഈ ലോകത്തു പ്രാപിക്കുന്നു. ഇസ്തിഖാമത്തിനുശേഷം മനുഷ്യമനസ്സിൽ ഒരു സംതൃപ്തിയുടേയും സമാധാനത്തിന്റേയും ലക്ഷണമുണ്ടാകുന്നു. ബാഹ്യമായ ഒരു തരത്തിലുള്ള പരാജയത്തിലും അപജയത്തിലും മനസ്സ് കോപിക്കുകയില്ല. പക്ഷേ, ദുആയുടെ യാഥാർഥ്യം അറിയാത്ത അവസ്ഥയിൽ ചെറിയ ചെറിയ പരാജയംപോലും നരകത്തിന്റെ അഗ്നിജ്വാലയായി മനസ്സിനെ കീഴടക്കുകയും പരിഭ്രമിപ്പിച്ച് അസ്വസ്ഥതപ്പെടുത്തുകയും ചെയ്യുന്നു. *നാറുല്ലാഹിൽ മൂഖദത്തുല്ലത്തീ തത്ത്വലിഉ അലൽ അഫ്ഇദത്തി*(അൽഹുമസ:7–8) അതിലേക്കുള്ള സൂചനയാണ്; അല്ലാഹുവിന്റെ കത്തിച്ചു ജ്വലിപ്പിക്കപ്പെടുന്ന അഗ്നിയാണത്. ഹൃദയങ്ങളിന്മേൽ ആളിപ്പടരുന്ന(തീ). എന്നല്ല ഹദീഥിൽനിന്ന് മനസ്സിലാകുന്നത് പനിയും നരകാഗ്നിയുടെ ഒരു മാതൃകയാണെന്നാണ്. (മൽഫൂദാത്ത് വാള്യം 1 പേജ് 152–155, 2018 ഖാദിയാൻ പതിപ്പ്)

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin